# അല്ലാഹുവിന്റെ സഹായവും നബിമാരുടെ വിജയവും- 4

**ക**ഴിഞ്ഞ ഖുത്ബയിൽ ഞാൻ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹുവിൽനിന്നുണ്ടായ സഹായവും പിന്തുണയും വിവരിച്ചുകൊണ്ട് അവൻ ആകാശത്തുകാണിച്ച ദൃഷ്ടാന്തത്തെക്കുറിച്ചും ഭൂമിയിൽ ആപത്തിന്റെ രൂപത്തിൽ വെളിപ്പെട്ട അടയാളത്തെക്കുറിച്ചും അല്ലാഹുവിൽനിന്ന് അറിവ് സമ്പാദിച്ച് ആർക്കും തുല്യത സമർപ്പിക്കാൻ സാധിക്കാത്ത വൈജ്ഞാനിക ദൃഷ്ടാന്തങ്ങൾ വെളിപ്പെട്ടതിനെക്കുറിച്ചും പറഞ്ഞിരുന്നു.

ഇന്ന് ശത്രുക്കൾക്കെതിരിൽ അല്ലാഹു ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ സഹായിച്ചതിനുള്ള ചില ഉദാഹരണങ്ങൾ പറയുന്നതാണ്. എങ്ങനെയും ലോകത്തിനു മുമ്പിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ നിന്ദിതനാക്കണമെന്ന് എതിരാളികൾ ആഗ്രഹിച്ചിരുന്നു. പക്ഷേ, അല്ലാഹു എല്ലാ ഘട്ടങ്ങളിലും തന്റെ നബിയെ സഹായിച്ചു. ശത്രുക്കളുടെ കുടിലപരിശ്രമങ്ങളെല്ലാം അവരുടെമേൽതന്നെ മറഞ്ഞുവീണു. അവരുടെ ശക്തിയോ കഴിവോ ഭരണകൂടമോ അവർക്ക് ഒരു പ്രയോജനവും ചെയ്തില്ല. അല്ലാഹു ഹസ്റത്ത് മസീഹ് മൗഊദ്(അ)നു വേണ്ടി കാണിച്ച ആ അസംഖ്യം ദൃഷ്ടാന്തങ്ങളിൽനിന്ന് അവിടന്ന്തന്നെ പ്രധാനപ്പെട്ടതെന്നു പറഞ്ഞ ചിലത് ഞാൻ പറയുകയാണ്. ഇത് വിശദീകരിച്ചുപറയാൻ സാധിക്കുകയില്ല. എന്തായാലും ഒരു പരിധിവരെ ശ്രമിക്കാം.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അഭിമാനവും ജീവനും അങ്ങേയറ്റം അപകടത്തിലായ അഞ്ചവസരങ്ങൾ എനിക്കും ഉണ്ടായിട്ടുണ്ട്. ഒന്നാമത്തേത്, മാർട്ടിൻ ക്ലാർക്ക് എനിയ്ക്കെതിരെ വധോദ്യമകുറ്റം ആരോപിച്ചപ്പോൾ. രണ്ടാമത്തേത്, ഗുരുദാസ്പൂരിലെ ഡപ്യൂട്ടികമ്മീഷണറായ മിസ്റ്റർ ഡൂയിസാഹിബിന്റെ കച്ചേരിയിൽ പോലീസ് എനിക്കെതിരെ ക്രിമിനൽകേസ് കൊടുത്തപ്പോൾ. മൂന്നാമത്തേത് കറംദീൻ എന്നയാൾ ഝലം എന്ന സ്ഥലത്ത് എനിക്കെതിരെ ഒരു ക്രമിനൽകേസ് ഫയൽചെയ്തപ്പോൾ. നാലാമത്തേത് അതേ കറംദീൻ ഗുരുദാസ്പൂരിൽ എനിക്കെതിരെ ക്രിമിനൽകേസ് കൊടുത്തപ്പോൾ. അഞ്ചാമത്തേത്, ലേഖ്റാം വധിക്കപ്പെട്ടതിനെ തുടർന്ന് എന്റെ വീട് പരിശോധിക്കുകയും എന്നെ കൊലപാതകിയായി മുദ്രകുത്താൻ ശത്രുക്കൾ കിണഞ്ഞുപരിശ്രമിക്കുകയും ചെയ്തപ്പോൾ. എന്നാൽ, ആ കേസ്സുകളിലെല്ലം ശത്രുക്കൾ പരാജയപ്പെട്ടു.

ഹസ്റത്ത് മസീഹ് മൗഊദ്(അ) ആദ്യത്തെ കേസ്സിനെ സംബന്ധിച്ച് തന്റെ ഗ്രന്ഥമായ 'തർയാഖുൽ ഖുലൂബി'ൽ പറയുന്നു: പടിഞ്ഞാറുഭാഗത്തുനിന്ന് ഒരു മിന്നൽപിണർ എന്റെ ഭവനത്തിന്റെ ഭാഗത്തേക്ക് വരുന്നതായി 1897 ജൂലായ് 29-ന് ഞാനൊരു സ്വപ്നം കണ്ടു. അതിനോടൊപ്പം ശബ്ദമൊന്നും ഉണ്ടായിരുന്നില്ല. അതൊരു നഷ്ടവും വരുത്തിയതുമില്ല. അതൊരു തിളക്കമാർന്ന നക്ഷത്രത്തെപ്പോലെ പതുക്കെ ചലിച്ചുകൊണ്ട് എന്റെ ഭവനത്തിന്റെ ഭാഗത്തേക്കു തിരിഞ്ഞു. ഞാൻ അതിനെ വളരെ ദൂരെനിന്നുകൊണ്ട് കാണുന്നുണ്ട്. അത് അടുത്തെത്തിയപ്പോഴും എന്റെ മനസ്സിലുള്ളത് അത് മിന്നൽപിണർ ആണെന്നുതന്നെയാണ്. എന്നാൽ, എന്റെ മനസ്സ് മിന്നൽപിണറായി മനസ്സിലാക്കുന്ന അതിനെ എന്റെ കണ്ണുകൾ വെറും ഒരു ചെറിയ നക്ഷത്രമായിട്ടാണ് കാണുന്നത്. അതിനുശേഷം എന്റെ മനസ്സ് ആ ദിവ്യദർശനത്തിൽനിന്ന് ഇൽഹാമിലേക്ക് മാറ്റപ്പെട്ടു. എനിക്കു ഇൽഹാം ഉണ്ടായി. ***മാ ഹാദാ ഇല്ലാ തഹ്ദീഹുൽഹുക്കാമി*** അതായത് ഈ കണ്ടതല്ലാതെ ഒന്നും ഉണ്ടാകുകയില്ല. അധികൃതന്മാരിൽനിന്ന് കുറച്ച് ഭീഷണികൾ ഉണ്ടാകും. അതിനേക്കാൾ കൂടുതലൊന്നും സംഭവിക്കുകയില്ല. ഇതിനുശേഷം ഇൽഹാമുണ്ടായി. ***ഖദിബ്തുലിയൽ മുഅ്മിനൂന*** സത്യവിശ്വാസികളുടെമേൽ ഒരു പരീക്ഷണം വന്നു. അതായത്, ഈ കേസ്സു കാരണം നിന്റെ ജമാഅത്ത് ഒരു പരീക്ഷണത്തിൽ അകപ്പെടും. ഇതിനുശേഷം ഇൽഹാം ഉണ്ടായി.

لَيَعْلَمَنَّ اللّٰهُ الْمُجَاهِدِيْنَ مِنْكُمْ وَلَيَعْلَمَنَّ الْكَاذِبِيْنَ -

ഇത് എന്റെ ജമാഅത്തിനോട് പറഞ്ഞതാണ്. അതായത്, നിങ്ങളിൽനിന്ന് അവൻ നിയോഗിച്ചിട്ടുള്ള ആളുടെ വഴിയിൽ സത്യഹൃദയത്തോടെ പരിശ്രമിക്കുന്നവനാരാണെന്നും നിങ്ങളിൽ ബയ്അത്ത്

ചെയ്തെന്ന് വാദിക്കുന്നവരിൽ ആരാണ് വ്യാജനെന്നും നിങ്ങളെ അറിയിക്കുന്നതിനുവേണ്ടിയാണ് അല്ലാഹു അങ്ങനെ ചെയ്തിട്ടുള്ളത്. അങ്ങനെതന്നെയാണ് ഉണ്ടായതും. ഒരു സംഘം ഈ കേസിലും, മിസ്റ്റർ ഡൂയിസാഹിബിന്റെ കോടതിയിൽ വിധിയുണ്ടായ ഇതര കേസുകളിലും സത്യഹൃദയത്തോടും പൂർണ്ണമായ സഹതാപത്തോടുംകൂടി അസ്വസ്ഥരായി നടന്നു. അവർ തങ്ങളുടെ ധനപരവും ശാരീരികവുമായ പരിശ്രമങ്ങളിൽ വ്യത്യാസമൊന്നും കാണിച്ചില്ല. ദുഃഖം വഹിച്ച് തങ്ങളുടെ സത്യസന്ധത അവർ പ്രകടിപ്പിച്ചു. എന്നാൽ, സഹതാപത്തിൽ അല്പം പോലും പങ്കുചേരാൻ കഴിയാത്തവരായിരുന്നു രണ്ടാമത്തെ സംഘം. ഈ സത്യസന്ധന്മാർക്കായി തുറക്കപ്പെട്ട ആ ജാലകം അക്കൂട്ടർക്ക് അടഞ്ഞുപോയി. പിന്നീടിങ്ങനെ ഇൽഹാമുണ്ടായി.

***സാദിഖ് ആ(ൻ) ബാശിദ് കെഃ അയ്യാമെ ബലാ***
***മെ ഗുസാരിദ് ബാ മുഹബ്ബത്ത് ബാ വഫാ***

"വിപത്തുകളുടെ നാളുകളെ സ്നേഹത്തോടും കൂറോടുംകൂടി ജീവിതം കഴിക്കുന്നവനാണ് അല്ലാഹുവിന്റെ ദൃഷ്ടിയിൽ സത്യസന്ധൻ". ഇതിനുശേഷം എന്റെ മനസ്സിൽ മറ്റൊരു ഉചിതമായ വചനം ഇടപ്പെട്ടു. പക്ഷേ, ജ്യോതിസ്സാർന്ന നിലയിലുള്ള ഇൽഹാം പോലെയായിരുന്നില്ല അത്. പ്രത്യുത അവ്യക്തമായ നിലയിലുള്ള ഇൽഹാമായിരുന്നു. ഈ വിഷയത്തെക്കൊണ്ട് ഹൃദയം നിറഞ്ഞു. (അതായത് ഇത് ഇൽഹാമാണെന്ന് ധാരണയുണ്ടായി) അത് ഇതായിരുന്നു

***ഗർ ഖളാ രാ ആശിഖെ ഗർദദ് അസീർ***
***ബവസദ് ആ(ൻ) സൻഞ്ചീരെ രാ കസ് ആശിനാ***

അതായത് യാദൃശ്ചികമായി ഏതെങ്കിലും പ്രേമി തടവറയിലായാൽ തനിക്ക് പരിചിതമായിത്തീർന്ന കാരണത്താൽ അതിന്റെ അഴികളെ അവൻ ചുംബിക്കുന്നു, ഇതിനുശേഷം ഈ ഇൽഹാമുണ്ടായി.

إِنَّ الَّذِي فَرَضَ عَلَيْكَ الْقُرْآنَ لَرَادُّكَ إِلَى مَعَادٍ
إِنِّي مَعَ الْأَفْوَاجِ آتِيكَ بَغْتَةً - يَأْتِيكَ نُصْرَتِي
إِنِّي أَنَا الرَّحْمَٰنُ ذُو الْمَجْدِ وَالْعُلَى -

നിന്നിൽ ഖുർആൻ ബാധകമാക്കിയിരിക്കുന്ന ആ സർവ്വശക്തനായ അല്ലാഹു പിന്നീട് നിന്നെ മടക്കിക്കൊണ്ടുവരുന്നതാണ്. അതായത് പര്യവസാനം സുഖത്തോടും സ്വസ്ഥതയോടുംകൂടി ആയിരിക്കും. ഞാൻ എന്റെ സൈന്യങ്ങളോടുകൂടി (അത് മലക്കുകളാണ്) ഒരു അപ്രതീക്ഷിതമായ നിലയിൽ നിന്റെയടുക്കൽ വരുന്നതാണ്. ഞാൻ കാരുണ്യം ചെയ്യുന്നവനാണ്. ഞാൻ തന്നെയാണ് മഹത്വത്തിലും ഉന്നതിയിലും പ്രത്യേകമാക്കപ്പെട്ടവൻ. അതായത് ഞാൻ പറയുന്ന കാര്യങ്ങൾതന്നെയായിരിക്കും ഉയർന്നുനില്ക്കുക. അതിനുശേഷം ഈ ഇൽഹാമുണ്ടായി. ***മുഖാലിഫോം മെ ഫൂട്ട്*** എതിരാളികളിൽ ഭിന്നത. ഒരു ദുരഭിമാനിയായ വ്യക്തിയുടെ മാനഹാനിയും താഴ്ചയും ജനനിന്ദയും. (പിന്നീട് അവസാനത്തെ വിധയും) ***ഇബ്റാഅ്*** അതായത് നിരപരാധിയാണെന്നുള്ള പ്രഖ്യാപനം. ഇതിനുശേഷം ഇങ്ങനെ ഇൽഹാമുണ്ടായി. ***വ ഫീഹി ശയ്ഉൻ***. മോചിതനാകുമെന്നതു ശരിതന്നെ. പക്ഷേ അതിൽ കുറച്ച് കാര്യമുണ്ടാകും. (മോചിതനാക്കപ്പെട്ടതിനുശേഷം എഴുതപ്പെട്ട, 'സംവാദത്തിന്റെ രീതി മൃദുലമായിരിക്കണം' എന്ന് എഴുതിയ ആ നോട്ടീസിലേക്കുള്ള സൂചനയാണിത്) ഇതിനുശേഷം ഇങ്ങനെ ഇൽഹാമുണ്ടായി. ***ബലജത് ആയാത്തീ***. എന്റെ അടയാളം തിളങ്ങുകയും അതിന്റെ വെളിച്ചം കൂടുതൽ കൂടുതൽ പ്രകടമാകുകയും ചെയ്യും. (ഈ കേസിൽ, 1897 സെപ്തംബറിൽ മിസ്റ്റർ ജെ.ആർ. ഡ്രേമൺട് സാഹിബ് ബഹാദൂറിന്റെ കോടതിയിൽ വിധിയുണ്ടായത് അങ്ങനെതന്നെയാണ്. കുറ്റക്കാരനായ അബ്ദുൽ ഹമീദ് തന്റെ ആദ്യമൊഴി കളവായിരുന്നുവെന്ന് വീണ്ടും സമ്മതിച്ചു) പിന്നീട് ഇൽഹാമുണ്ടായി. ***ലിവായെ ഫത്ഹ്*** അതായത് വിജയത്തിന്റെ പതാക. അതിനുശേഷം ഇൽഹാമുണ്ടായി.

إِنَّمَا أَمْرُنَا إِذَا أَرَدْنَا شَيْئًا أَنْ نَقُولَ لَهُ
كُنْ فَيَكُونُ -

അതായത് നമ്മുടെ കാര്യങ്ങൾക്ക് നമ്മുടെ നിയമം ഇതുതന്നെയാണ്. അതായത് നാം എന്തെങ്കിലും ഉണ്ടാകണമെന്ന് ആഗ്രഹിക്കുമ്പോൾ, ഉണ്ടാകുക എന്ന് നാം പറയുന്നു. അങ്ങനെ അതുണ്ടാകാൻ തുടങ്ങുന്നു. താനിക്കാര്യം ആദ്യമേതന്നെ ഒരുപാടാളുകളെ അറിയിച്ചിരുന്നുവെന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. അവരുടെയൊക്കെ പേരെഴുതാനിരുന്നാൽ, പേജുകൾതന്നെ നിറയുമെന്നും അവിടന്ന് പറയുന്നു.

തുടർന്ന് അവിടന്ന് വിവരിക്കുന്നു. ഈ കേസുണ്ടായത് ഇങ്ങനെയാണ്. ഡാക്ടർ ഹെൻട്രി മാർട്ടിൻ ക്ലാർക്കുമായി ബന്ധമുള്ള ചില ക്രിസ്ത്യാനികൾ അബ്ദുൽഹമീദ് എന്ന പേരുകാരനായ ഒരാളെ ഈ കേസ് പറഞ്ഞു പഠിപ്പിക്കുകയായിരുന്നു. അതായത്, ഡാക്ടർ ക്ലാർക്കിനെ വധിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി അയാളെ ഖാദിയാനിൽനിന്ന് മിർസാ ഗുലാം അഹ്മദ് (അതായത് ഈ എഴുതുന്നയാൾ–

ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്നെക്കുറിച്ച് പറയുകയാണ്) അയച്ചു എന്ന് കോടതിയിൽ പറയണമെന്ന് പറഞ്ഞ് പഠിപ്പിച്ചുവെന്ന് മാത്രമല്ല അങ്ങനെ പറഞ്ഞില്ലെങ്കിൽ അയാളെ ജയിലിലടക്കുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. അയാളുടെ ഫോട്ടോ എടുത്തുകൊണ്ട് ഇനി ഓടിപ്പോകുകയാണെങ്കിൽതന്നെ ഈ ഫോട്ടോ മുഖാന്തിരം വീണ്ടും പിടിക്കപ്പെടുമെന്നും ഭീഷണിമുഴക്കി. അങ്ങനെ അയാൾ അമൃതസർ ജില്ലാ മജിസ്ത്രേട്ടിനു മുമ്പിൽ അക്കാര്യം പറഞ്ഞു. അവിടെനിന്ന് എന്നെ അറസ്റ്റുചെയ്യാനുള്ള വാറണ്ട് പുറപ്പെടുവിച്ചു. വായനക്കാരുടെ താല്പര്യത്തിനായി അമൃതസർ ജില്ലാ മജിസ്ത്രേട്ടിന്റെ കല്പനയുടെ പകർപ്പ് ഇവിടെ എഴുതുകയാണ്.

"അബ്ദുൽഹമീദിന്റെയും ഡാക്ടർ ക്ലാർക്കിന്റേയും വിവരണത്തിൽനിന്ന് വ്യക്തമാകുന്നത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി, അബ്ദുൽ ഹമീദിനെ അമൃതസർവാസിയായ ക്ലാർക്കിനെ കൊല്ലാൻ പ്രേരിപ്പിച്ചുവെന്നാണ്. ഇക്കാര്യം വിശ്വസിക്കാൻ കാരണമുണ്ട്. അതായത് പ്രസ്താവിക്കപ്പെട്ട മിർസാ ഗുലാം അഹ്മദ് സമാധാനഭംഗമുണ്ടാക്കാനോ അല്ലെങ്കിൽ ഈ ജില്ലയിൽ കുഴപ്പമുണ്ടാക്കി അറസ്റ്റ് അർഹിക്കുന്ന എന്തെങ്കിലും പ്രവൃത്തി ചെയ്യാനോ സാധ്യതയുണ്ട്. അദ്ദേഹത്തിൽനിന്ന് സമാധാന സംരക്ഷണത്തിനുള്ള ഉറപ്പ് വാങ്ങണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. സംഭവങ്ങളിൽനിന്ന് അദ്ദേഹത്തിന്നെതിരിൽ വാറണ്ട് പുറപ്പെടുവിക്കേണ്ടത് ക്രിമിനൽ നിയമം വകുപ്പ് 14 അനുസരിച്ച് നിർബന്ധമായി മനസ്സിലാകുന്നു. അതുകൊണ്ട് ക്രിമിനൽ നിയമം 107 വകുപ്പ് പ്രകാരം സമാധാന സംരക്ഷണത്തിനായി ഒരുവർഷത്തേക്ക് 20,000 രൂപയുടെ ഹാജരുജാമ്യവും 20,000 രൂപയുടെ പ്രത്യേകം പ്രത്യേകം രണ്ട് ജാമ്യങ്ങളും അയാൾ എടുക്കേണ്ടതാണ്. അയാളെ അറസ്റ്റ് ചെയ്യാൻ വാറണ്ട്പുറപ്പെടുവിക്കുകയും ഇവിടെ വന്ന് വിശദീകരണം നല്കാൻ നിർദ്ദേശിക്കുകയും ചെയ്തുകൊള്ളുന്നു.

ഒപ്പ്, എ.ഇ. മാർട്ടിനോ
ജില്ലാ മിസ്ത്രേട്ട്, അമൃതസർ
1.8.1897

ഈ കല്പനയുടെ തിയ്യതിയിൽനിന്ന് പ്രകടമാകുന്നത് 1897 ആഗസ്റ്റ് ഒന്നിന് വാറണ്ട് പുറപ്പെടുവിച്ചു എന്നാണ്. ഈ വാറണ്ടിന്റെ ഉദ്ദേശ്യം എന്നെ അറസ്റ്റ് ചെയ്ത് കോടതിയുടെ മുമ്പിൽ ഹാജരാക്കുക എന്നതായിരുന്നു. ശിക്ഷിക്കുന്നതിനു മുമ്പേ അറസ്റ്റിലൂടെ മാനഹാനിവരുത്തുക എന്നതായിരുന്നു. എന്നാൽ അല്ലാഹുവിന്റെ അദൃശ്യപരമായ നിയന്ത്രണം എത്രത്തോളമാണ് ഒരു സത്യാന്വേഷിയുടെ ഈമാനെ വർദ്ധിപ്പിക്കുന്നതെന്ന് നോക്കുക. അതായത് അമൃതസറിൽനിന്ന് അത്തരം വാറണ്ട് പുറപ്പെടുവിച്ചിട്ടും, മുകളിൽ പറഞ്ഞ ഇൽഹാമുകളിൽ അല്ലാഹു ചെയ്ത വാഗ്ദാനപ്രകാരം ഈ വാറണ്ടിൽനിന്നും അത്ഭുതകരമായ നിലയിൽ എന്നെ അവൻ സുരക്ഷിതമാക്കിവെച്ചു. കല്പനപ്രകാരം ഈ വാറണ്ട് കോടതിയിൽനിന്ന് പുറപ്പെടുവിച്ചാൽപോലും 1897 ആഗസ്റ്റ് ഏഴിന്റെ കല്പനപ്രകാരം കേസ് വേറെ കോടതിയിലേക്ക് മാറ്റുകയാണെങ്കിൽ തന്നെയും വാറണ്ട് നടപ്പിൽവരുത്താൻ കഴിയുമായിരുന്നു. കാരണം അമൃതസറിനും ഖാദിയാനുമിടയിൽ വെറും 35 മൈലേ ദൂരമുള്ളൂ. 1897 ആഗസ്റ്റ് 7-ന് അമൃതസർ ജില്ലാ മജിസ്ത്രേട്ട് ഈ കേസിനെക്കുറിച്ച് നല്കിയ കല്പന ഇതായിരുന്നു.

"വാറണ്ട് പുറപ്പെടുവിക്കുക എന്നത് ഞാൻ തടഞ്ഞിരിക്കുന്നു. കാരണം ഈ കേസ്സ് എന്റെ പരിധിയിൽ വരുന്നതല്ല." ഈ കല്പനയുടെ വിശദീകരണം ഇതാണ്. അമൃതസർ ജില്ലാ മജിസ്ത്രേട്ട് 1897 ആഗസ്റ്റ് ഒന്നിന് എന്നെ അറസ്റ്റ് ചെയ്യാൻ വാറണ്ട് പുറപ്പെടുവിച്ചുകഴിഞ്ഞിരുന്നു. എന്നാൽ 1897 ആഗസ്റ്റ് ഏഴിന് അതായത് കല്പന പുറപ്പെടുവിച്ച് 6 ദിവസത്തിനുശേഷം പ്രസ്താവിത നിർദ്ദേശങ്ങളിൽ അദ്ദേഹം ചിന്തിച്ചപ്പോൾ ആ കല്പനയിൽ അബദ്ധം പിണഞ്ഞിട്ടുണ്ടെന്ന് മനസ്സിലായി. തന്റെ ജില്ലയ്ക്ക് വെളിയിലുള്ള ഒരു കുറ്റവാളിയെ അറസ്റ്റ് ചെയ്യാൻ തനിക്കധികാരമില്ലെന്ന് അയാൾക്കു ബോധ്യപ്പെട്ടു. അപ്പോൾ കോടതിയിൽനിന്ന് അയച്ചുകഴിഞ്ഞ വാറണ്ട് അദ്ദേഹം തടയാൻ ആഗ്രഹിച്ചു. അങ്ങനെ വാറണ്ട് പുറപ്പെടുവിച്ചതിൽ തനിക്ക് തെറ്റുപറ്റിയിരിക്കുന്നുവെന്നും, അത് തടയണമെന്നും പറഞ്ഞ് അയാൾ 1897 ആഗസ്റ്റ് 7-ന് ഗുരുദാസ്പൂർ ജില്ലാ മജിസ്ത്രേട്ടിന് കമ്പിയടിച്ചു. എന്നാൽ, ആ വാറണ്ട് യഥാർത്ഥത്തിൽ 1897 ആഗസ്റ്റ് 1-ന് തന്നെ പുറപ്പെടുവിച്ചിരുന്നെങ്കിൽ ഇത്രയും കാലതാമസത്തിനുശേഷം അതായത്, 1897 ആഗസ്റ്റ് 7-ന് അതിനെ തടയുക എന്നത് നിരർത്ഥകമായ ഒരു കാര്യമായേനെ. കാരണം ആ രണ്ട് ജില്ലയ്ക്കും തമ്മിൽ അല്പം ദൂരമേയുള്ളൂ. നിശ്ചിതകാലത്തിനുള്ളിൽതന്നെ വാറണ്ട് അനുസരിച്ചുള്ള നടപടി പൂർണ്ണമായി കഴിയുമായിരുന്നു. അറസ്റ്റിന്റെ മാനഹാനിയും നാശവും നമുക്ക് നേരിടേണ്ടിവരികയും ചെയ്യുമായിരുന്നു. പക്ഷേ, അല്ലാഹുവിന്റെ ഖുദ്റത്തുണ്ടായതെങ്ങനെ എന്ന് നോക്കുക- അതിന്റെ രഹസ്യം ഇതുവരെ നമുക്കറിയില്ല- ആറു ദിവസം കഴിഞ്ഞിട്ടും ആ വാറണ്ട് ഗുരുദാസ്പൂർ ജില്ലാ മജിസ്ത്രേട്ടിന് എത്തിയില്ല.

വീണ്ടും അവിടന്ന് പറയുന്നു: "ഇനി നാമെഴുതിവന്ന ആ ഇൽഹാമിലേക്ക് മനുഷ്യനൊന്ന് കണ്ണോടിക്കുക. അതിൽ കരുണ ചെയ്യുമെന്നും സഹായിക്കുമെന്നും വാഗ്ദാനമുണ്ട്. എന്നിട്ട്, എന്തുകൊണ്ട് അമൃതസർ കോടതിയുടെ ആദ്യ ശക്തമായവെട്ട് ഫലിക്കാതെപോയി എന്ന കാര്യം ചിന്തിക്കുക. എന്നാൽ, നിസ്സംശയം ഇത് അല്ലാഹുവിന്റെ നിയന്ത്രണമായിരുന്നു എന്ന് അവന് ബോധ്യം വരും. തന്റെ ഇൽഹാമിലുള്ള വാഗ്ദാനമനുസരിച്ച് തന്റെ ദാസനെ എല്ലാ ഓരോ മാനഹാനിയിൽനിന്നും അല്ലാഹു സുരക്ഷിതമാക്കിവെച്ചു. അറസ്റ്റിലായി കോടതിയിൽ ഹാജരാകുക എന്നതും കൈവിലങ്ങോടുകൂടി ന്യായാധിപന്മാരുടെ മുന്നിൽ നില്ക്കുകയെന്നതും ഒരു അപമാനമാണ്. കാരണം ഇതു മുഖേന ശത്രുക്കൾ സന്തോഷിക്കും."

അവിടന്ന് പറയുന്നു: പിന്നീട് അല്ലാഹുവിൽ നിന്ന് വെളിപ്പെട്ട രണ്ടാമത്തെ അടയാളം ഗുരുദാസ്പൂർ ജില്ലാ മജിസ്ത്രേട്ട് അതായത് ക്യാപ്റ്റൻ എം. ഡബ്ല്യു. ഡഗ്ലസ് സാഹിബിന്റെ മനസ്സിൽ, ഈ കേസിൽ വാറണ്ട് പുറപ്പെടുവിക്കുക എന്നത് ശരിയല്ലെന്നും സമൻസ്- ഹാജർകല്പന മതിയായതാണെന്നും തോന്നിപ്പിച്ചു എന്നതാണ്. അതുകൊണ്ട് അദ്ദേഹം 1897 ആഗസ്റ്റ് 9-ന് എന്റെ പേരിൽ ഒരു സമൻസ് അയച്ചു. അതിന്റെ പകർപ്പ് താഴെ എഴുതുന്നു.

ഗുരുദാസ്പൂർ ജില്ലയിലെ, ബട്ടാല ഡിവിഷനിലെ ഖാദിയാൻ വാസിയായ മിർസാ ഗുലാം മുർത്തദായുടെ മകനായ മിർസാ ഗുലാം അഹ്മദിന്റെ പേരിൽ.

ക്രിമിനൽ നിയമം 107 പ്രകാരം, കുറ്റാരോപണത്തിനുള്ള മറുപടി പറയാൻ താങ്കൾ ഹാജരാവേണ്ടത് നിർബന്ധമാണ്. അതുകൊണ്ട് താങ്കൾ 1897 ആഗസ്റ്റ് 10-ാം തിയ്യതി നേരിട്ടോ അല്ലെങ്കിൽ മുക്തിയാറെ അയച്ചോ ബട്ടാല ജില്ലാ ജഡ്ജിയുടെ മുന്നിൽ ഹാജരാകുക. ഇക്കാര്യം താക്കീതായി മനസ്സിലാക്കുക.

ആദ്യം പുറപ്പെടുവിച്ച വാറണ്ട് പിന്നീട്, വന്ന് കാര്യം വിശദീകരിച്ചാൽമതി എന്ന നിലയിലുള്ള ഒന്നായിത്തീർന്നു. വാറണ്ട് പുറപ്പെടുവിച്ചു കഴിഞ്ഞിരിക്കുന്നു എന്നോർത്ത് മൗലവിമാർ സന്തോഷംകൊണ്ടു. അവർ അമൃതസർ കോടതിയിൽ പോയി, കൊണ്ടുവന്നിട്ടുണ്ടോ എന്ന് നോക്കിക്കൊണ്ടിരുന്നു. എങ്ങനെയും ഹസ്റത്ത് മസീഹ് മൗഊദ്(അ)നുണ്ടാകാൻ പോകുന്ന മാനഹാനി കാണുക എന്നതായിരുന്നു അവരുടെ ലക്ഷ്യം.

ഇതുസംബന്ധമായി അവിടന്ന് പറയുന്നു: വാറണ്ട് മുഖേന അയാളെ അറസ്റ്റ് ചെയ്തുകൊണ്ടുവരുമെന്നും അയാളുടെ മാനഹാനി തങ്ങൾക്ക് സന്തോഷം പകരുമെന്നും 'അല്ലയോ ആത്മാവേ, സന്തോഷിക്കുക, നീ നിന്റെ ശത്രു നിന്ദ്യനാകുന്നത് കാണുക' എന്ന് തങ്ങളുടെ ആത്മാവിനോട് പറയുമെന്നും പറഞ്ഞ് കാത്തിരുന്നവർ ആ തമാശ കാണാൻ വന്നു. എന്നാൽ, അവരുടെ ആഗ്രഹം പൂർത്തിയായില്ല. എന്നല്ല അതിനെതിരിൽ അവർക്കുതന്നെ ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവന്നു. ആഗസ്റ്റ് പത്താം തിയ്യതി ഈ തമാശ കാണുന്നതിനായി അഡ്വക്കറ്റ് മൗലവി മുഹമ്മദ് ഹുസയ്ൻ സാഹിബ് കച്ചേരിയിൽ എത്തി. ഈ ദൈവദാസനെ വിലങ്ങുവീണ നിലയിലും കോൺസ്റ്റബിൾമാരുടെ കൈയാൽ പിടിക്കപ്പെട്ടനിലയിലും കാണുന്നതിനും ശത്രുവിന്റെ അപമാനം കണ്ട് സന്തോഷിക്കുന്നതിനും വേണ്ടിയാണ് അവർ വന്നത്. എന്നാൽ അത് കാണാൻ അവർക്ക് 'ഭാഗ്യം' ഉണ്ടായില്ല. എന്നല്ല ദുഃഖകരമായ കാഴ്ച കാണേണ്ടിവരികയും ചെയ്തു. അതെന്താണെന്നുവെച്ചാൽ, ഞാൻ ജില്ലാ മജിസ്ത്രേട്ടിന്റെ കച്ചേരിയിൽ ഹാജരായപ്പോൾ അദ്ദേഹം സൗമ്യമായും ആദരവോടെയും എന്നോടു പെരുമാറുകയും തന്റെ അടുത്ത് അദ്ദേഹം എനിക്ക് കസേരയിട്ടുതരികയും സൗമ്യമായ വാക്കുകളിൽ 'ഡാക്ടർ ക്ലാർക്ക് താങ്കളിൽ വധകുറ്റം ചുമത്തുന്നുണ്ടെങ്കിലും താൻ അങ്ങനെ ചെയ്യുന്നില്ലെന്ന്' പറയുകയും ചെയ്തു. ഈ ഡെപ്യൂട്ടി കമ്മീഷണർ സമർത്ഥനും ബുദ്ധിമാനും നീതിമാനുമായ മജിസ്ത്രേട്ടായിത്തീർന്നത് അല്ലാഹുവിന്റെ ശക്തിപ്രകടനമായിരുന്നു. അദ്ദേഹത്തിന്റെ മനസ്സിൽ, ഈ കേസ് അടിസ്ഥാനരഹിതവും വ്യാജവും അന്യായമായി ബുദ്ധിമുട്ടിച്ചതുമാണെന്ന് അല്ലാഹു തോന്നിപ്പിച്ചു. അതുകൊണ്ട് ഞാൻ ഹാജരായ ഓരോ ഘട്ടത്തിലും അദ്ദേഹം എന്നോട് ആദരവോടെ പെരുമാറുകയും എനിക്ക് കസേര തരികയും ചെയ്തു. അദ്ദേഹത്തിന്റെ കോടതിയിൽനിന്ന് ഞാൻ മോചിതനായ ദിവസം ആ കച്ചേരിയിൽവെച്ചുതന്നെ അദ്ദേഹം എന്നെ ആശംസിച്ചു."

ഇതിന്നെതിരിൽ നിന്ദ്യത കാണാനാഗ്രഹിച്ചിരുന്ന മൗലവിയുടെ അവസ്ഥ എന്തായി? അദ്ദേഹം അവിടെയെത്തി കസേര ചോദിച്ചു. അത് നിഷേധിക്കപ്പെട്ടു. അത് സംബന്ധമായി ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "എന്നാൽ, അഹോ കഷ്ടം ! മൗലവി സാഹിബ് കസേര ചോദിച്ചപ്പോൾ ഡപ്യൂട്ടി കമ്മീഷണർ സാഹിബ് അത് നിരസിക്കുകയും താങ്കൾക്ക് കസേര കിട്ടുകയില്ലെന്ന് പറയുകയും ചെയ്തു. ഇദ്ദേഹം നേതാവാണ്. ഇദ്ദേഹത്തിന്റെ

പിതാവ് ഭരണാധികാരിയായിരുന്നു. അതുകൊണ്ടാണ് നാം കസേര കൊടുത്തത്. ഞാൻ നിന്ദ്യനാകുന്നത് കാണാൻ വന്ന ആളുകളുടെ അന്ത്യം ഇങ്ങനെയാണുണ്ടായത്."

വീണ്ടും അവിടന്ന് പറയുന്നു. "ആരെയെങ്കിലും കാണുക എന്നത് എന്റെ ശീലമല്ലായിരുന്നു. ആരേയും എനിക്ക് അറിയുകയുമില്ലായിരുന്നു. ഇതിനുശേഷം അല്ലാഹുവിന്റെ അനുഗ്രഹമുണ്ടായി. അങ്ങനെ ഞാൻ ആദരവോടുകൂടി മോചിതനായി. പ്രസ്താവിക്കപ്പെട്ട ന്യായാധിപൻ ഒരു പുഞ്ചിരിയോടുകൂടി എന്നോട് പറഞ്ഞു: 'താങ്കൾക്ക് മുബാറക്ക്, താങ്കൾ മോചിതനായി'. സമുദായങ്ങൾ എന്നെ നിന്ദിക്കാൻവേണ്ടി സംഘടിച്ചിട്ടും അല്ലാഹു എനിക്ക് വിജയം നല്കിയത് അവന്റെയൊരു വലിയ ദൃഷ്ടാന്തമാണ്. മുസ്ലിംകളുടെ ഭാഗത്തുനിന്ന് മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി സാഹിബും ഹിന്ദുക്കളുടെ പക്ഷത്തുനിന്ന് ലാലാറാം ബജദത്ത് സാഹിബും ക്രിസ്ത്യാനികളുടെ പക്ഷത്തുനിന്നും ഡോക്ടർ ഹെൻട്രി മാർട്ടിൻ ക്ലാർക്ക് സാഹിബുമായിരുന്നു വക്കീൽമാർ. അഹ്സാബ് യുദ്ധംപോലെ ഐക്യത്തോടുകൂടി ഈ സമുദായങ്ങൾ എന്റെമേൽ ആക്രമണങ്ങൾ നടത്തിയിരുന്നു. പക്ഷേ, അല്ലാഹു ജില്ലാ മജിസ്ത്രേട്ടിന് തെളിമയാർന്ന വിവേകബുദ്ധി നല്കി. തൽഫലമായി കേസിന്റെ പരമാർത്ഥസ്ഥിതിവരെ എത്തിച്ചേരാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഇതിനുശേഷം അബ്ദുൽ ഹമീദ് തന്നെയും കോടതിയിൽവന്ന് ക്രിസ്ത്യാനികൾ തന്നെ പഠിപ്പിച്ചുവിട്ടതാണെന്നും വധിക്കാൻ വേണ്ടി എന്നെ പ്രേരിപ്പിച്ചുവെന്നത് ശുദ്ധകളവാണെന്നും സമ്മതിച്ച സന്ദർഭവുമുണ്ടായി. ജില്ലാ മജിസ്ത്രേട്ട് അയാളുടെ ഈ അവസാനത്തെ മൊഴി ശരിയാണെന്ന് മനസ്സിലാക്കുകയും വളരെ ശക്തമായൊരു റിപ്പോർട്ട് എഴുതുകയും എന്നെ മോചിപ്പിക്കുകയും ചെയ്തു. എന്റെ മോചനം പൂർണ്ണമാക്കുന്നതിനുവേണ്ടി ആ അബ്ദുൽഹമീദിനെ കൊണ്ട് എനിക്കനുകൂലമായി വീണ്ടും സാക്ഷി പറയിച്ചു എന്നത് അല്ലാഹുവിന്റെ അത്ഭുതകരമായ തേജോവിലാസമാണ്. അങ്ങനെ ബറാഹീനെ അഹ്മദിയ്യായിൽ ഇന്നേക്ക് 20 വർഷം മുമ്പേ എഴുതപ്പെട്ട ആ ഇൽഹാമും പൂർത്തിയാകണമായിരുന്നു. അത് ഇതാണ്. ***ഫബർറഅഹുല്ലാഹു മിമ്മാ ഖാലൂ വകാന ഇൻദല്ലാഹി വജീഹാ*** അതായത് കുറ്റം ആരോപിക്കപ്പെട്ട ആ വ്യക്തിയെ അല്ലാഹു മോചിപ്പിച്ചു– മോചിപ്പിക്കുന്നതാണ്."

നോക്കുക. ഈ അല്ലാഹുവിന്റെ ദാസൻ നിരപരാധിയാണെന്ന് എത്ര വ്യക്തമായാണ് തെളിഞ്ഞത്.

"ഈ കേസിൽ താൻ ആദ്യം നൽകിയ മൊഴി കളവാണെന്ന് പറയുക, അബ്ദുൽഹമീദിന് ഏറെ ദുഷ്കരമായിരുന്നു. എന്തുകൊണ്ടെന്നാൽ അതുമുഖേന അയാൾ മറ്റൊരാളുടെ പേരിൽ അന്യായമായി വധക്കുറ്റം ആരോപിച്ചു എന്നത് ഉറപ്പാകും. അത്തരം കളവിന് കൊലപാതകത്തിന് തുല്യമായ ശിക്ഷ നല്കപ്പെടാവുന്നതാണ്. എന്റെ മോചനത്തിന് കാരണമായ അയാളുടെ രണ്ടാമത്തെ മൊഴി വ്യാജമാണെന്ന് പറഞ്ഞിരുന്നെങ്കിൽ അതിന് നിയമപരമായി ശിക്ഷ കുറവാണ്. അതുകൊണ്ടു അയാൾക്ക് ഫലപ്രദമായ വഴി രണ്ടാമത്തെ മൊഴി കളവാണെന്ന് പറയുന്നതായിരുന്നു. എന്നാൽ, അല്ലാഹു അയാളുടെ വായിൽനിന്ന് സത്യം പുറത്തുചാടിച്ചു; എപ്രകാരം സുലേഖായുടെ വായിൽനിന്ന് ഹസ്റത്ത് യൂസുഫിന്നെതിരിലും, കെട്ടിച്ചമച്ചുപറഞ്ഞ ഒരു സ്ത്രീയുടെ വായിൽനിന്ന് ഹസ്റത്ത് മൂസായ്ക്കെതിരിലും സത്യം പുറത്തുവന്നതുപോലെ. അതുകൊണ്ട് ഇത് ഉന്നതനിലയിലുള്ള ഒരു മോചനമാണ്. ഇതിന് യൂസുഫിന്റേയും മൂസായുടേയും സംഭവവുമായി ബന്ധമുണ്ട്. ***ഫബർറഅഹുല്ലാഹു മിമ്മാ ഖാലൂ വകാന ഇൻദല്ലാഹി വജീഹാ*** എന്ന ഇൽഹാമിൽ അടങ്ങിയ പ്രവചനത്തിന്റെ സൂചന ഇതിലേക്കായിരുന്നു. കാരണം ഹസ്റത്ത് മൂസായുടെ മോചനത്തിന്റെ അവസ്ഥ അറിയിക്കുക എന്നത് അംഗീകരിക്കപ്പെട്ട വിശുദ്ധഖുർആനിലെ വചനമാണിത്. ചുരുക്കത്തിൽ എന്റെ സംഭവത്തിന് അല്ലാഹു ഹസ്റത്ത് യൂസുഫിന്റേയും ഹസ്റത്ത് മൂസായുടെ സംഭവവുമായി സാദൃശ്യം നല്കി. അപരാധം പറഞ്ഞവന്റെ വായകൊണ്ടുതന്നെ ആ അപരാധം കളവാണെന്ന് പറയിച്ചു. ഇത് എത്രമാത്രം മഹത്തായ ദൃഷ്ടാന്തമാണ്. എത്രത്തോളം ദൈവികമായ നിയന്ത്രണങ്ങൾ ഇതിലടങ്ങിയിരിക്കുന്നു. '***ഫ അൽഹംദുലില്ലാഹി അലാ ദാലിക്***'

ഡെപ്യൂട്ടി കമ്മീഷണറായ ക്യാപ്റ്റൻ ഡഗ്ലസ് സാഹിബാണ് ഈ കേസിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വെറുതെവിട്ടത്. അദ്ദേഹത്തിൽ ദൈവികമായ നിയന്ത്രണം എങ്ങനെയാണുണ്ടായത് എന്നതിനെക്കുറിച്ച് നമ്മുടെ ജമാഅത്തിൽപെടാത്ത ഒരാൾ വിവരിച്ചിട്ടുണ്ട്. അത് ഇതാണ്. റീഡറായിരുന്ന രാജാ ഗുലാം അഹ്മദ് ഹൈദർ സാഹിബ് ഡെപ്യൂട്ടി കമ്മീഷണറുടെ വീട്ടിൽപോയി. അദ്ദേഹം പറയുന്നു: കോടതി പിരിഞ്ഞപ്പോൾ, നാം എത്രയും വേഗം ഗുരുദാസ്പൂരിലേക്ക് പോകാനാഗ്രഹിക്കുന്നുവെന്നും താങ്കൾ ഉടനെപോയി റെയിൽവേസ്റ്റേഷനിൽ മുറി

യ്ക്കുള്ള ഏർപ്പാട് ചെയ്യണമെന്നും ജില്ലാ മജിസ്ട്രേട്ട് സാഹിബ് പറഞ്ഞു. ഹൈദർ സാഹിബ് തുർന്നു. ഞാൻ സ്റ്റേഷനിൽനിന്നിറങ്ങി വരാന്തയിൽ നില്ക്കുകയായിരുന്നു. (മുറിയ്ക്ക് ഏർപ്പാട് ചെയ്തതിനുശേഷം) സർ ഡഗ്ലസ് റോഡിൽ ഉലാത്തുന്നതായി കണ്ടു. ചിലപ്പോൾ അങ്ങോട്ടു പോകുന്നു. ചിലപ്പോൾ ഇങ്ങോട്ടു വരുന്നു. മുഖത്ത് വെപ്രാളമുണ്ട്. ഞാൻ അദ്ദേഹത്തിന്റെയടുക്കൽപോയി, ഞാൻ വെളിയിൽ പോകുകയാണെന്നും വെയ്റ്റിംഗ്റൂമിൽ കസേര വിരിച്ചിട്ടുണ്ടെന്നും അവിടെപോയി അങ്ങേയ്ക്ക് ഇരിക്കാമെന്നും പറഞ്ഞു. 'മുൻശിസാഹിബേ, താങ്കളെന്നോട് ഒന്നും പറയരുത്. എനിക്ക് നല്ല സുഖമില്ല.' എന്താണ് കാരണമന്ന് ഞാൻ ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: ഞാൻ മിർസാ സാഹിബിനെ കണ്ടതുമുതൽ, ഏതോ മലക്ക് മിർസാസാഹിബിനെ ചൂണ്ടിക്കൊണ്ട്, 'മിർസാ സാഹിബ് തെറ്റുകാരനല്ല, അദ്ദേഹം നിരപരാധിയാണ്' എന്ന് എന്നോട് പറയുന്നതായിട്ട് ഞാൻ കാണുന്നു. പിന്നീട് ഞാൻ കോടതി നടപടി നിറുത്തിവെച്ചു ഇവിടെ വന്നു. ഞാൻ നടന്ന് നടന്ന് ആ ഭാഗത്ത് എത്തുമ്പോൾ, അവിടെ ഞാൻ മിർസാസാഹിബിന്റെ രൂപം കാണുന്നു. 'ഞാനിത് ചെയ്തിട്ടില്ല, ഇതെല്ലാം കളവാണ്' എന്ന് അദ്ദേഹം പറയുന്നു. മറുഭാഗത്തേക്ക് ഞാൻ ചെല്ലുമ്പോൾ അവിടെ മിർസാ സാഹിബ് നില്ക്കുന്നതായിട്ട് കാണുന്നു. അദ്ദേഹം പറയുന്നു: ഇതെല്ലാം കളവാണ്. ഞാനിത് ചെയ്തിട്ടില്ല. ക്യാപ്റ്റൻ ഡഗ്ലസ് സാഹിബ് പറഞ്ഞു, ഈ അവസ്ഥ ഇങ്ങനെതന്നെയിരുന്നാൽ ഞാൻ ഭ്രാന്തനായിപ്പോകും. ഞാൻ പറഞ്ഞു: സാഹിബേ, താങ്കൾ പോയി വെയിറ്റിംഗ് റൂമിൽ ഇരുന്നാലും. പോലീസ്സൂപ്രണ്ടും വന്നിട്ടുണ്ട്. അദ്ദേഹവും ഇംഗ്ലീഷുകാരനാണ്. അദ്ദേഹത്തെ വിളിക്കാം. ഒരു പക്ഷേ, അദ്ദേഹത്തിന്റെ വാക്കുകൾ കേട്ട് താങ്കൾക്ക് സമാധാനം കിട്ടും. സൂപ്രണ്ടിനെ വിളിക്കാൻ ഡഗ്ലസ് സാഹിബ് പറഞ്ഞു, അങ്ങനെ അദ്ദേഹത്തെ വിളിച്ചു. ഡഗ്ലസ് സാഹിബ് അദ്ദേഹത്തോട് പറഞ്ഞു: ഇതാണ് എന്റെ അവസ്ഥ. ഞാൻ ഭ്രാന്തനെപ്പോലെയാകുകയാണ്. താങ്കൾക്കെന്നെ സഹായിക്കാൻ കഴിയുമോ? താങ്കൾ എന്നെ സഹായിക്കുക. ഇല്ലെങ്കിൽ ഞാൻ ഭ്രാന്തനായിപ്പോകും. അപ്പോൾ സൂപ്രണ്ട് സാഹിബ് പറഞ്ഞു: താങ്കൾ അബ്ദുൽഹമീദിനെ ക്രിസ്തീയപാതിരിമാർക്ക് ഏല്പിച്ചുകൊടുത്തിരിക്കുകയാണ്. അയാളെ പോലീസിന് വിട്ടുതരിക. അദ്ദേഹത്തിൽനിന്ന് സത്യമെന്താണെന്ന് മനസ്സിലാക്കാൻ കഴിയും. എന്നാൽ, പോലീസ് കസ്റ്റഡിയിൽ വിട്ടിട്ടും അയാൾ സത്യം പറയാൻ തയ്യാറായില്ല. കാരണം ഇൻസ്പെക്ടറും എതിരാളികളോടൊപ്പമായിരുന്നു. കുറച്ചുനേരം സൂപ്രണ്ട് ഇത് കണ്ടുനിന്നു. കാര്യം വിജയിക്കുന്നില്ലെന്ന് കണ്ടപ്പോൾ അദ്ദേഹം, തന്റെയടുക്കലേക്ക് അയാളെ വിളിച്ചു. ചോദ്യം ചെയ്യാൻ തുടങ്ങി. ആദ്യം പറഞ്ഞതുതന്നെ അയാൾ ആവർത്തിച്ചു. സമയം നഷ്ടപ്പെടുത്തരുതെന്നും ഇനി തിരിച്ച് അവരുടെയടുക്കൽ നീ പോകുകയില്ലെന്നും നിന്നെ ഇവിടെ നിന്നും ഗുരുദാസ്പൂരിൽ കൊണ്ടുപോകുമെന്നും സൂപ്രണ്ട് സാഹിബ് പറഞ്ഞു. ഇത്രയും പറഞ്ഞപ്പോൾ അബ്ദുൽഹമീദ് കരയാൻ തുടങ്ങി. സൂപ്രണ്ടിന്റെ കാലിൽ വീണു. താൻ പറഞ്ഞതെല്ലാം ഇക്കൂട്ടർ നിർബന്ധിച്ചതുകൊണ്ടാണെന്ന് അയാൾ സമ്മതിച്ചു."

ഇതിനുപുറമെയും ചില സാക്ഷ്യങ്ങൾ കോടതിയിലെത്തിയിരുന്നു. എന്തായാലും അന്ന് അയാൾ തന്റെ മൊഴി മാറ്റി. പിന്നീട് ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വെറുതെ വിട്ടകാര്യം മുകളിൽ പറഞ്ഞതുപോലെതന്നെ സംഭവിച്ചു.

സമയത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ ചുരുക്കിപ്പറയുകയാണ്. മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയുടെ അപേക്ഷപ്രകാരം ഡൂയിസാഹിബിന്റെ കോടതിയിൽ ഫയൽ ചെയ്യപ്പെട്ട കേസാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) രണ്ടാമതായി പറഞ്ഞത്. ഈ കേസ്സിന്റെ വിശദീകരണവും സുദീർഘമാണ്. മിർസാ സാഹിബ് തന്നെ കൊല്ലാനാഗ്രഹിക്കുന്നു എന്ന് പറഞ്ഞുകൊണ്ട് മുഹമ്മദ് ഹുസയ്ൻ ബട്ടാലവി ഹസ്റത്ത് മസീഹ് മൗഊദിന്നെതിരിൽ പരാതികൊടുത്തിരുന്നു. ഒരു മുബാഹല ആഹ്വാനത്തെ അതിന് ആധാരമാക്കുകയും ചെയ്തു. എന്തായാലും സർക്കാരിന്റെ ഒരുപാട് മിഷണറിമാരേയും ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്നെതിരിൽ സാക്ഷി പറയാൻ കൊണ്ടുവന്നിരുന്നു. മൗലവി സാഹിബ് തന്റെ പോക്കറ്റിൽ എപ്പോഴും ഒരു കഠാര കരുതിയിരുന്നു. അത് കാണിച്ച് ആളുകളെ എരിവുകേറ്റിയിരുന്നു. കേസ്സിനുവേണ്ടി ജനങ്ങളിൽനിന്ന് പൈസയും ശേഖരിച്ചിരുന്നു. അദ്ദേഹത്തെ സഹായിക്കാൻ ഹിന്ദുക്കളും ക്രിസ്ത്യാനികളും വന്നു. എന്നാൽ, ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് ഈ കാര്യങ്ങളെല്ലാം കണ്ടിട്ടും ഒരു ചിന്തയുമുണ്ടായിരുന്നില്ല. അവിടന്ന് ഒരു അഹ്മദിയെ സമാധാനപ്പെടുത്തിക്കൊണ്ട് പറഞ്ഞു: "മുഹമ്മദ്ഹുസയ്നിൽനിന്ന് നേരിട്ടിരിക്കുന്ന ഈ പരീക്ഷണം അവസാനത്തേതാണ്. ഞാൻ അല്ലാഹുവിന്റെ അനുഗ്രഹത്തിൽ തൃപ്തനാണ്. അവൻ നമ്മെ നഷ്ടപ്പെടുത്തിക്കളയുകയില്ലെന്ന്


നമുക്ക് നന്നായിട്ടറിയാം. എതിരാളികൾ അവരുടെ ശ്രമം അതിന്റെ പാരമ്യതയിലെത്തിച്ചു. എന്നാൽ, അല്ലാഹുവിന്റെ പ്രവൃത്തി ചിന്തയ്ക്കും ബുദ്ധിയ്ക്കു മതീതമാണ്."

ഈ കേസ്സിലും ശത്രുക്കൾ തങ്ങളുടെ സർവ്വ ശക്തിയും ചെലുത്തിനോക്കി. സുദീർഘമായ വാദം നടന്നു. ഞാൻ പറഞ്ഞതുപോലെ ഇതിന്റെ വിശദീക രണവും ദീർഘമാണ്. എന്തായാലും അല്ലാഹു ആ മഹാത്മാവിനോടു അദ്ദേഹം മോചിതനാകുമെന്ന് പറ ഞ്ഞിരുന്നു. ഡോക്ടർ ഖലീഫ റശീദുദ്ദീൻ സാഹിബി നെഴുതിയ ഒരു കത്തിൽ അവിടന്നെഴുതി. അവിടന്ന് പറയുന്നു: ക്രിമിനൽകേസ് 1899 ഫെബ്രുവരി 14-ാം തിയ്യതി നീട്ടിവെച്ചരിക്കുകയാണ്. യഥാർത്ഥത്തിൽ സംഗതി ഇതാകുന്നു. ന്യായാധിപന്റെ ഉദ്ദേശ്യം നന്നല്ലെന്നാണ് ഇതുവരെയുള്ള കാര്യങ്ങളിൽനിന്ന് മനസ്സിലായത്. ഞാൻ സർവ്വജ്ഞനായ അല്ലാഹുവി നോട് പ്രാർത്ഥിച്ചതിന്റെ ഫലമായി ഒരു മരക്കഷ ണത്തെ അഥവാ ഒരു കല്ലിനെ ഒരു എരുമയാക്കിമാ റ്റിയതായും ഒരു വലിയ ദൃഷ്ടാന്തം വെളിപ്പെട്ടെന്ന നിലയിൽ ഞാൻ സുജൂദ് ചെയ്യുന്നതായും ***റബ്ബിയൽ അഅ്‌ലാ റബ്ബിയൽഅഅ്‌ലാ*** എന്നുച്ചത്തിൽ വിളിച്ചു പറയുന്നതായും കഴിഞ്ഞ വെള്ളിയാഴ്ച രാത്രി ഒരു സ്വപ്നത്തിൽ കാണുകയുണ്ടായി. അതിന്റെ അർത്ഥം ഇങ്ങനെയാവാം. മരം അഥവാ കല്ല് ആ കർക്കശ ക്കാരനും വക്രബുദ്ധിയുമായ ന്യായാധിപൻ തന്നെ യായിരിക്കാം. പിന്നെ എന്റെ പ്രാർത്ഥനാഫലമായി അതൊരു എരുമയായി മാറിയത് നമുക്ക് ഒടുവിൽ പാൽ പ്രതീക്ഷിക്കാവുന്നവിധം അത് ഉപകാരമുള്ള ഒരു വസ്തുവായി പരിണമിക്കുമെന്നതിന്റെ സൂചന യാവാം. ഈ വ്യാഖ്യാനം ശരിയാണെങ്കിൽ കേസ് മറിഞ്ഞ് തിരിഞ്ഞ് ശരിയായരൂപത്തിൽ വരുമെന്നും നമുക്ക് ഗുണകരമായി കലാശിക്കുമെന്നും ആണ് പൂർണ്ണവിശ്വാസം. സുജൂദ് ചെയ്തതായി കണ്ടാൽ ശത്രുവിന്റെമേൽ വിജയം വരിക്കാമെന്നാണ് അർത്ഥ മെന്നും എഴുതപ്പെട്ടിട്ടുണ്ട്. ഇൽഹാമുകളും ഏതാണ്ട് ഇതിനോട് യോജിക്കുന്നു."

ഇതിനെക്കുറിച്ച് ഹഖീഖത്തുൽമഹ്ദി എന്ന ഗ്രന്ഥത്തിൽ അവിടന്ന് വിശദീകരിച്ചിട്ടുണ്ട്.

"ഹിജ്റ 1316 പരിശുദ്ധ റമളാൻ 21 വെള്ളിയാഴ്ച രാത്രി ആത്മീയതയുടെ വ്യാപനം എനിക്ക് അനുഭവ പ്പെടുന്നുണ്ടായിരുന്നു. ഇത് ലയ്‌ലത്തുൽ ഖദ്റാ ണെന്ന് എനിക്ക് തോന്നി. ആകാശത്തുനിന്ന് അങ്ങേ യറ്റം ശാന്തിയോടും സമാധാനത്തോടുംകൂടി മഴ പെയ്യുന്നുണ്ടായിരുന്നു. ഒരു സ്വപ്നം ഉണ്ടായി. നമ്മുടെ സർക്കാറിന് എപ്പോഴും എന്നെക്കുറിച്ച് സംശ യമുണ്ടാകാൻ വേണ്ടി പരിശ്രമിക്കുന്നവരെ സംബ ന്ധിച്ചുള്ളതാണ് ഈ സ്വപ്നം. ഞാൻ കണ്ടു: നിന്റെ ദൈവം സർവ്വശക്തനാണെങ്കിൽ, നിന്റെ തലയുടെ മീതെയുള്ള ഈ കല്ല് എരുമയായിത്തീരാൻ നീ അവ നോട് പ്രാർത്ഥിക്കുക എന്ന് ആരോ എന്നോട് പറ ഞ്ഞു. അപ്പോൾ ഒരു കനമുള്ള കല്ല് എന്റെ തലയ്ക്കു മീതെ ഇരിക്കുന്നത് ഞാൻ കണ്ടു. ഇതിനെ ചിലപ്പോൾ ഞാൻ കല്ലായും ചിലപ്പോൾ തടിയായും കരുതുന്നു ണ്ട്. ഇതറിഞ്ഞുടനെതന്നെ ആ കല്ല് ഞാൻ ഭൂമിയി ലേക്ക് തള്ളിയിട്ടു. അതിനുശേഷം ആ കല്ലിനെ എരു മയാക്കി മാറ്റാൻ ഞാൻ അല്ലാഹുവിനോടു പ്രാർത്ഥി ച്ചു. ഞാൻ ആ പ്രാർത്ഥനയിൽ ലയിച്ചുപോയി. അതി നുശേഷം ഞാൻ തലയുയർത്തി നോക്കിയപ്പോൾ, എന്താണ് കാണുന്നത്, ആ കല്ല് എരുമയായി കഴി ഞ്ഞിരിക്കുന്നു. ഏറ്റവുമാദ്യം അതിന്റെ കണ്ണുകളി ലാണ് എന്റെ ദൃഷ്ടി പതിഞ്ഞത്. നീളമുള്ള തിളങ്ങുന്ന കണ്ണുകളായിരുന്നു അതിന്റേത്. ദൈവം കണ്ണില്ലാത്ത കല്ലിനെ, നീളമുള്ള തിളങ്ങുന്ന കണ്ണുകളുള്ള മനോ ഹരമായ എരുമയാക്കിയത് കണ്ടിട്ട്, അത് സുന്ദരവും ഫലപ്രദവുമായ മൃഗമാണെന്ന് കണ്ടിട്ട് ദൈവത്തിന്റെ ശക്തിപ്രഭാവത്തെ സ്മരിച്ചുകൊണ്ട് ആനന്ദാതിരേ കത്തിൽ നിന്നുണ്ടാകുന്ന ആത്മവിസ്തൃതിയിലാവു കയും ഒട്ടും താമസിക്കാതെ ഞാൻ സുജൂദ് ചെയ്യു കയും ചെയ്തു. സുജൂദിൽ അത്യുച്ചത്തിൽ ദൈവ ത്തിന്റെ മഹത്വം ***റബ്ബിയൽ അഅ്‌ലാ, റബ്ബിയൽ അഅ്‌ലാ*** എന്നീ വാക്കുകളിൽ പറയുന്നുണ്ടായിരു ന്നു. ആ ശബ്ദം എത്രമാത്രം ഉറക്കെയായിരുന്നുവെന്ന് വെച്ചാൽ, അത് ദൂരദൂരവരെ എത്തുന്നതായി എനിക്ക് തോന്നി. അപ്പോൾ എന്റെ അടുത്തുനിന്നിരുന്ന ഭാനു എന്ന ഒരു സ്ത്രീയോട് (അവളാണ് ദുആ ചെയ്യാൻ അപേക്ഷിച്ചതെന്ന് തോന്നുന്നു) പറഞ്ഞു. നോക്കുക! നമ്മുടെ ദൈവം എത്രമാത്രം സർവ്വശക്തനായ ദൈവ മാണ്. അവൻ കല്ലിനെ എരുമയാക്കിക്കൊണ്ട് കണ്ണു കൾ നല്കി. ഞാനിത് അവളോടു പറഞ്ഞുകൊണ്ടി രിക്കുമ്പോൾ, പെട്ടെന്ന് ദൈവത്തിന്റെ സർവ്വശക്തി ത്വത്തിന്റെ ഭാവനയാൽ എന്റെ മനസ്സ് ആഞ്ഞടി ക്കാൻ തുടങ്ങി. അവന്റെ സ്തുതിയാൽ അത് വീണ്ടും നിറഞ്ഞു. പിന്നീട് ഞാൻ ആദ്യത്തെപോലെ ആന ന്ദാതിരേകത്തിൽനിന്നുള്ള ആത്മവിസ്മൃതിയിൽ വന്നിട്ട് സുജൂദിൽവീണു. എപ്പോഴും ഈ ഭാവന, എന്റെ ദൈവമേ! നിന്റെ തേജോവിലാസം എത്രമാത്രം ഉന്നതമാണ്, നിന്റെ പ്രവൃത്തി എന്തുമാത്രം അത്ഭുത കരമാണ്- നീ ജീവനില്ലാത്ത ഒരു കല്ലിനെ എരുമ യാക്കിത്തീർക്കുകയും അതിന് നീളമുള്ള തിളങ്ങുന്ന

കണ്ണുകൾ നല്കുകയും അതുകൊണ്ട് അതെല്ലാം കാണുകയും ചെയ്യുന്നു എന്നു പറഞ്ഞുകൊണ്ട് എന്റെ മനസ്സിനെ ദൈവസന്നിധിയിൽ ഞാൻ വീഴ്ത്താറുണ്ടായിരുന്നു. ഇതുമാത്രമല്ല അതിന്റെ പാല് കിട്ടുമെന്നുള്ള പ്രതീക്ഷയുമുണ്ട്. എന്തായിരുന്നു, എന്തായിത്തീർന്നു എന്നതെല്ലാം ദിവ്യശക്തിയുടെ കാര്യങ്ങളിൽപെട്ടതാണ്. ഞാൻ സുജൂദിലായിരിക്കെ ത്തന്നെ കണ്ണുകൾ തുറന്നു. അപ്പോൾ ഏകദേശം രാത്രി നാലുമണിയായിരുന്നു. ***ഫ അൽഹംദുലില്ലാഹി അലാദാലിക്***. ഞാൻ ഈ സ്വപ്നത്തെ ഇങ്ങനെ വ്യാഖ്യാനിച്ചു. സത്യവിരുദ്ധവും അടിമുടി വ്യാജവുമായ കാര്യങ്ങൾ ഉണ്ടാക്കി ഭരണകൂടംവരെ എത്തിക്കുന്ന ദ്രോഹപ്രകൃതക്കാരായ ഈ എതിരാളികൾ വിജയിക്കുകയില്ല. അല്ലാഹു എപ്രകാരം സ്വപ്നത്തിൽ ഒരു കല്ലിനെ ഒരു എരുമയാക്കിത്തീർക്കുകയും അതിന് നീളമുള്ള തിളങ്ങുന്ന കണ്ണുകൾ നല്കുകയും ചെയ്തുവോ അപ്രകാരംതന്നെ അവൻ അന്തിമഘട്ടത്തിൽ എന്നെ സംബന്ധിച്ചിടത്തോളം ന്യായാധിപന് ഉൾക്കാഴ്ചയും ദൂരദൃഷ്ടിയും അനുഗ്രഹിച്ചരുളുന്നതും അദ്ദേഹം സത്യവസ്തുതയിൽ എത്തിച്ചേരുന്നതുമായിരിക്കും. ഇത് ദൈവത്തിന്റെ പ്രവൃത്തിയാണ്, ലോകദൃഷ്ടിയിൽ അത്ഭുതാവഹവും. ഈ ഇൽഹാമുകളെ പിന്തുണയ്ക്കുന്ന ആ ഇൽഹാമുകൾ ഇവയാണ്.


إِنَّ اللّٰهَ مَعَ الَّذِيْنَ اتَّقَوْا وَّالَّذِيْنَ هُمْ
مُّحْسِنُوْنَ - أَنْتَ مَعَ الَّذِيْنَ اتَّقَوْا - وَأَنْتَ
مَعِيْ يَا إِبْرَاهِيْمُ - يَأْتِيْكَ نُصْرَتِيْ - إِنِّيْ أَنَا
الرَّحْمٰنُ - يَا أَرْضُ ابْلَعِيْ مَاءَكِ - غِيْضَ
الْمَاءُ وَقُضِيَ الْأَمْرُ - سَلَامٌ قَوْلًا مِّنْ رَّبٍّ
رَّحِيْمٍ - وَامْتَازُوا الْيَوْمَ أَيُّهَا الْمُجْرِمُوْنَ -
إِنَّا تَجَالَدْنَا فَانْقَطَعَ الْعَدُوُّ وَأَسْبَابُهُ -
وَيْلٌ لَّهُمْ أَنّٰى يُؤْفَكُوْنَ - يَعَضُّ الظَّالِمُ عَلٰى يَدَيْهِ
وَيُوْثَقُ - وَإِنَّ اللّٰهَ مَعَ الْأَبْرَارِ - وَإِنَّهُ عَلٰى
نَصْرِهِمْ لَقَدِيْرٌ - شَاهَتِ الْوُجُوْهُ - إِنَّهُ
مِنْ آيَةِ اللّٰهِ وَإِنَّهُ فَتْحٌ عَظِيْمٌ - أَنْتَ
اسْمِيَ الْأَعْلٰى - وَأَنْتَ مِنِّيْ بِمَنْزِلَةِ مَحْبُوْبِيْنَ -
اخْتَرْتُكَ لِنَفْسِيْ - قُلْ إِنِّيْ أُمِرْتُ وَأَنَا
أَوَّلُ الْمُؤْمِنِيْنَ -

"അല്ലാഹു ദോഷങ്ങളിൽനിന്ന് അകന്നുനില്ക്കുന്നവരോടൊപ്പമാണ്. നീ ദോഷങ്ങളിൽനിന്ന് അകന്നുനില്ക്കുന്നവരോടൊപ്പമാണ്. നീ എന്റെ കൂടെയാണ്. ഇബ്റാഹീമേ! എന്റെ സഹായം നിനക്കെത്തും. ഞാൻ പരമകാരുണികനാണ്. ഓ ഭൂമീ! നിന്റെ ജലം അതായത് ഭൂമിയിൽ പരത്തപ്പെട്ട സത്യവിരുദ്ധമായ കാര്യങ്ങളും കുഴപ്പങ്ങൾ ഉണ്ടാക്കുന്ന പരാതികളും നീ വിഴുങ്ങുക. ജലം വറ്റുകയും കാര്യം തീരുമാനിക്കപ്പെടുകയും ചെയ്തു. നിനക്കു സമാധാനം. ഇത് കാരുണ്യവാനായ രക്ഷിതാവ് പറഞ്ഞതാണ്. അക്രമികളേ! ഇന്ന് നിങ്ങൾ വേർപ്പെട്ടുകൊള്ളുക. നാം ശത്രുവിനെ പരാജയപ്പെടുത്തി. അവന്റെ എല്ലാ കാര്യകാരണങ്ങളും മുറിച്ചുകളഞ്ഞു. അവർക്കത് വാവിട്ടുള്ള നിലവിളിയാണ്. എങ്ങനെയാണവർ കെട്ടിച്ചമച്ചുണ്ടാക്കുന്നത്. അക്രമി തന്റെ കൈമുറിക്കും. തന്റെ ഉപദ്രവങ്ങളിൽനിന്ന് തടയപ്പെടും. അല്ലാഹു സൽക്കർമ്മകാരികളുടെ കൂടെയായിരിക്കും. അവരെ സഹായിക്കാൻ അവൻ കഴിവുള്ളവനാണ്. മുഖം കോലംകെട്ടുപോകും. അല്ലാഹുവിന്റെ അടയാളമാണിത്. ഇത് മഹത്തായ വിജയമാണ്. നീ എന്റെ ഏറ്റവും വലിയ നാമമാകുന്നു. നീ പ്രിയപ്പെട്ടവരുടെ സ്ഥാനത്താണുള്ളത്. ഞാൻ എനിക്കുവേണ്ടി നിന്നെ തിരഞ്ഞെടുത്തു. പറയുക, ഞാൻ മഅ്മൂർ (അല്ലാഹുവിനാൽ നിയമിക്കപ്പെട്ടവൻ) ആകുന്നു. എല്ലാ വിശ്വാസികളിലുംവെച്ച് ഒന്നാമനാകുന്നു."

ഈ കേസ് സംബന്ധമായ വിധിയുടെ ദിവസം ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്റെ അനുചരന്മാരോടൊപ്പം അത് കേൾക്കാൻ ഗുരുദാസ്പൂരിൽപോയി. ഇന്ന് തങ്ങളുടെ എതിരാളി കുറ്റവാളിയായി വിധിക്കപ്പെടുമെന്നും അവർക്ക് മഹത്തായ വിജയം ലഭിക്കുമെന്നും കരുതി മൗലവി മുഹമ്മദ് ഹുസയ്ൻ സാഹിബ് വളരെ സന്തോഷിച്ചിരുന്നു. എന്നാൽ, ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് ആദ്യമെതന്നെ പറയപ്പെട്ടതുപോലെ ആ ശിലാഹൃദയനായ ന്യായാധിപൻ ദുആയുടെ അനുഗ്രഹത്താൽ ഒരു നീതിമാന്റെ രൂപത്തിലേക്ക് മാറിക്കഴിഞ്ഞിരുന്നു. അദ്ദേഹം ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സഭ്യമായതും കെട്ടുറപ്പുള്ളതുമായ രചനകൾക്കെതിരിൽ മൗലവി മുഹമ്മദ് ഹുസയ്ൻ സാഹിബ് ബട്ടാലവിയുടേയും അബുൽഹസ്സൻ തിബ്ബത്തിയുടേയും ശത്രുതാപരമായ വിജ്ഞാപനങ്ങൾ കണ്ടുകൊണ്ട് എന്തു ചെയ്യണമെന്ന അവസ്ഥയിലാവുകയും പോലീസുകാർ കഠിനാധ്വാനം ചെയ്തുണ്ടാക്കിയ കേസ് തള്ളുകയും ചെയ്തു. മിസ്റ്റർ ജെ.എൻ.ഡൂയി കേസ്സ് തള്ളിക്കൊണ്ട് ഇങ്ങനെയും പറഞ്ഞു. മുഹമ്മദ് ഹുസയ്നും അയാളുടെ കൂട്ടുകാരനും താങ്കളെക്കുറിച്ച് പ്രസിദ്ധീകരിച്ച വാക്കുകൾക്ക് കോടതിയിലൂടെ നീതി തേടാൻ താങ്കൾക്കവകാശമുണ്ട്. മാനനഷ്ടക്കേസ് കൊടുക്കു

കയും ചെയ്യാം. ആ അവകാശം ഇപ്പോഴും നിലനി ല്ക്കുന്നുണ്ട്. മിസ്റ്റർ ഡൂയി, കോടതി പീഠത്തിലിരു ന്നുകൊണ്ട് ശേയ്ഖ് മുഹമ്മദ് ഹുസയ്ൻ സാഹിബ് ബട്ടാലവിയോടു, ഇനി ഇത്തരം വൃത്തികെട്ട ഭാഷ ഉപയോഗിക്കരുതെന്ന് പറയുന്നുണ്ടായിരുന്നു.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: മുകളിൽ പറഞ്ഞ അല്ലാഹുവിന്റെ അടയാളങ്ങൾക്കു പുറമെ ഈ ഒരടയാളവും ഉണ്ട്. ബട്ടാലയിലെ ഡപ്യൂട്ടി ഇൻസ്പെക്ടറായ മുൻശി മുഹമ്മദ് ബഖ്ശിന്റെ റിപ്പോർട്ടനുസരിച്ച് കോടതിയിൽ സമർപ്പി ക്കപ്പെട്ട അല്ലാഹുവിന്റെ ഇപ്പറഞ്ഞ ദൃഷ്ടാന്തങ്ങൾക്കു പുറമെ മറ്റൊര ദൃഷ്ടാന്തം ഇതാണ്. ബട്ടാല ഡപ്യൂട്ടി ഇൻസ്പെക്ടറായ മുഹമ്മദ് ബഖ്ശിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗുരുദാസ്പൂർജില്ല മജിസ്ട്രേട്ട് മിസ്റ്റർ ഡൂയി സാഹിബിന്റെ കോടതിയിൽ എനിക്കെ തിരെ കൊടുത്ത അന്യായത്തിന് 1899 ഫെബ്രുവരി യിൽ ആ കുറ്റത്തിൽനിന്ന് എന്നെ മോചിപ്പിച്ചു കൊണ്ട് വിധിയായിരിക്കുന്നു. ഈ കേസ്സിന്റെ പര്യ വസാനത്തെക്കുറിച്ച് അല്ലാഹു ആദ്യമെതന്നെ എനിക്ക് ഇൽഹാമിലൂടെ അറിയിപ്പു നല്കിയിരുന്നു. അതായത്, അവൻ അവസാനം ശത്രുക്കളുടെ ഗൂഢാലോചനയിൽനിന്ന് എന്നെ സുരക്ഷിതനാക്കു മെന്നും ശത്രുക്കളുടെ ശ്രമങ്ങൾ പരാജയപ്പെടുത്തു മെന്നും. അതങ്ങനെതന്നെ പുലർന്നിരിക്കുന്നു. ആർക്കാണോ ഈ കേസിനെക്കുറിച്ച് അറിവുണ്ടാ യിരുന്നത്, ശത്രുക്കൾ എന്റെമേൽ കുറ്റം സ്ഥാപി ക്കാൻ കുറച്ചൊന്നുമല്ല ശ്രമിച്ചതെന്ന കാര്യം അവ രിൽനിന്ന് മറഞ്ഞതല്ല. ശത്രുക്കൾ അങ്ങേയറ്റം ശ്രമം നടത്തുകയുണ്ടായി.

മൂന്നാമത്തെ കേസ്സ് കറംദീൻ ജഹ്ലമിയുമാ യിട്ടായിരുന്നു. അതും ദീർഘകാലം നടന്ന സംഭവ മാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) 1902 ജൂലായ് മാസത്തിൽ നുസൂലുൽമസീഹ് എന്ന ഗ്രന്ഥമെഴു തുകയായിരുന്നു. അക്കാലത്ത് ഭീൻകാരനായ മൗലവി കറംദ്ദീൻ എന്നയാൾ വാഗ്ദത്ത മസീഹിനും ഹക്കീം ഫസ്ലുദ്ദീൻ സാഹിബിനും കത്തുകളെഴുതി. അതായത് വാസ്തവത്തിൽ മൗലവി മുഹമ്മദ് ഹുസയ്ൻ ഫൈസിയുടെ കുറിപ്പുകളിൽനിന്ന് ആശ യച്ചോരണം നടത്തിക്കൊണ്ടാണ് പീർമെഹർ അലീ ശാഹ് ഗോൽഡവി തന്റെ സയ്ഫെ ചിശ്ത്തിയായി എന്ന പുസ്തകം രചിച്ചിട്ടുള്ളത്. മൗലവി കറംദീൻ സാഹിബ് അതിന്റെ തെളിവിനായി പീർസാഹിബ് ഗോൽഡയിൽനിന്ന് അദ്ദേഹത്തിനയച്ച ഒരു കാർഡും മസീഹ് മൗഊദ്(അ)ന് അയച്ചുകൊടുക്കുകയുണ്ടാ യി. അതിൽ മുഹമ്മദ്ഹുസയ്നിന്റെ നോട്ടുകളാണ് പീർസാഹിബ് തന്റെ പുസ്തകത്തിൽ ചേർത്തിരിക്കു ന്നതെന്ന് വ്യക്തമാക്കിയിരുന്നു. ഹസ്റത്ത് മസീഹ് മൗഊദ് (അ) 'നുസൂലുൽ മസീഹ്' എന്ന ഗ്രന്ഥം എഴുതുകയായിരുന്നു. അപ്പോഴാണ് ഈ കത്ത് കിട്ടി യത്. അത് മസീഹ് മൗഊദ്(അ) തന്റെ ഗ്രന്ഥത്തിൽ ചേർത്തു. ഇപ്രകാരംതന്നെ അൽഹക്കം പത്രം 17.9.1902-ന് ലേഖനം പ്രസിദ്ധീകരിക്കുകയും ചെയ്തു. അതിലും ഈ കത്തുകളുടെ പകർപ്പ് ചേർത്തിരുന്നു. ഇത് പ്രസിദ്ധീകരിച്ചതോടെ മൗലവി കറംദീൻ വിഷ മത്തിലായി. മിർസാ സാഹിബുമായി താൻ യാതൊരു കത്തിടപാടും നടത്തിയിട്ടില്ലെന്നും കത്തുകൾ കൃത്രി മമാണെന്നും ഒരു ചെറിയകുട്ടിയുടെ കൈപടയിൽ എഴുതിച്ച വരികൾ മുഖേന തെറ്റുധരിപ്പിച്ച് മിർസാ സാഹിബിന്റെ മുൽഹം (വെളിപാട് സിദ്ധിക്കുന്ന ആൾ) വാദത്തെ പരീക്ഷിക്കുകയായിരുന്നു താനെന്നും കാണിച്ച് മൗലവി കറംദ്ദീൻ ഒരു വിശദീ കരണക്കുറിപ്പ് പ്രസിദ്ധപ്പെടുത്തി. തുടർന്ന് മിർസാ സാഹിബിന്റെ എല്ലാ പ്രവർത്തനങ്ങളും (അല്ലാഹു വിൽ അഭയം) വഞ്ചനയും ചതിയുമാണെന്നും തന്റെ വാദങ്ങൾ കെട്ടിച്ചമച്ചുണ്ടാക്കിപ്പറയുന്നവനും വഞ്ച കനുമാണെന്നുമൊക്കെ പറഞ്ഞിട്ടുണ്ട്.

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് വേണമെ ങ്കിൽ കോടതിയിൽ പോകാമായിരുന്നു. പക്ഷേ, പോയില്ല. മൂന്നുമാസം കഴിഞ്ഞിട്ടും മൗലവി തെറ്റു തിരുത്താതെ വന്നപ്പോൾ, ഹക്കീം ഫസ്ലുദ്ദീൻ സാഹിബ് (മാനേജർ സിയാവുൽ ഇസ്ലാം പ്രസ്സ് ഖാദിയാൻ)- ഇദ്ദേഹത്തിന്റെ പേരിലാണ് ആദ്യം മൗലവി കറംദ്ദീൻ സാഹിബ് കത്തുകളെഴുതിയിരു ന്നത്- മൗലവി കറംദ്ദീനെതിരെ കേസ് ഫയൽ ചെയ്തു. കോടതി നടപടി നടന്നുവരുന്നതിനിടയിൽ മൗലവി കറംദീൻ അച്ചടിയിലിരുന്ന നുസൂലുൽ മസീ ഹിന്റെ പേജുകൾ ഹാജരാക്കി തന്റെ വാദം തെളി യിക്കാൻ ശ്രമിച്ചു. താൻ പ്രസ്സിന്റെ മാനേജരാ ണെന്നും ഇപ്പോൾ ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടി ല്ലെന്നും ഇത് തന്റെ സ്വത്താണെന്നും അതുകൊണ്ട് ഇയാൾ ഈ കടലാസുകളും മോഷ്ടിച്ചതാണെന്നും പറഞ്ഞ് ഹക്കീം ഫള്ലുദ്ദീൻ സാഹിബ് വേറൊരു കേസ്സും കൊടുത്തു. ഇപ്രകാരം തന്നെ അൽഹക്ക മിന്റെ എഡിറ്ററായ ശേയ്ഖ് യഅ്ഖൂബലി സാഹി ബിന്നെതിരിലും മൗലവി കറംദ്ദീൻ സാഹിബ് വിഷം ഊതിയിരുന്നു. അതുകൊണ്ട് ശേയ്ഖ് സാഹിബും മൗലവി കറംദ്ദീനെതിരിൽ മാനനഷ്ടക്കേസ് കൊടുത്തു.

ഇതിനെല്ലാം മറുപടിയായി മൗലവി കറംദ്ദീൻ

സാഹിബ് ഝലം അസിസ്റ്റന്റ് കമ്മീഷണറിന്റെ കോടതിയിൽ ഒരു കേസ്സ് ഫയൽ ചെയ്തു. ഹസ്റത്ത് മസീഹ് മൗഊദ്(അ), അബ്ദുല്ലാഹ് സാഹിബ് കശ്മീരി, യഅ്ഖൂബലി സാഹിബ് തുറാബ് എന്നിവർക്കെതിരെയായിരുന്നു മാനനഷ്ടക്കേസ്. എന്റെ ഭാര്യാസഹോദരനായ മൗലവി മുഹമ്മദ് ഹുസയ്നെ കഠിനമായി അപമാനിച്ചിരിക്കുന്നുവെന്നതായിരുന്നു ആക്ഷേപം. അങ്ങനെ ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റേയും മറ്റു സുഹൃത്തുക്കളുടേയും പേരിൽ വാറണ്ട് പുറപ്പെടുവിച്ചു. കോടതിയിൽ ഹാജരാകാൻ പറഞ്ഞു. മസീഹ് മൗഊദ്(അ)ന്നെതിരിൽ കേസ് ഫയൽ ചെയ്തിരിക്കുന്നു എന്ന വാർത്ത വന്നപ്പോൾ ശത്രുപക്ഷം വളരെ സന്തോഷം പ്രകടിപ്പിച്ചു. ലാഹോറിൽനിന്ന് പുറപ്പെട്ടുകൊണ്ടിരുന്ന പഞ്ചാബ് സമാചാർ എന്ന ആര്യപത്രം എഴുതി.

"മിർസ ഖാദിയാനിയുടെ പേരിൽ കേസ്സ് ആയിരിക്കുന്നു. അദ്ദേഹത്തിന്റെ എഴുത്ത് പഠിച്ചറിഞ്ഞിടത്തോളം രാജ്യത്തിനത് ഒരു പ്രകാരത്തിലും പ്രയോജനകരമല്ല. മറിച്ച്, അനേകരെ വേദനിപ്പിക്കുന്നതരത്തിലുള്ളതാണ്. ഈ കേസ്സ് ശരിയായിട്ടുള്ളതാണെന്ന് കോടതിക്ക് മനസ്സിലായാൽ പാഠം പഠിക്കത്തക്ക ശിക്ഷ അദ്ദേഹത്തിന് നൽകുന്നത് നന്നായിരിക്കും. എന്നാൽ മാത്രമേ ഇത്തരം ആളുകളിൽനിന്നും രാജ്യത്തെ ശുദ്ധീകരിക്കാനാവുകയുള്ളൂ. അത് നാട്ടിനും സർക്കാരിനും ഗുണകരമായിരിക്കുകയും ചെയ്യും." ഇതായിരുന്നു ശത്രുക്കളുടെ അവസ്ഥ.

'മവാഹിബുർറഹ്മാൻ' എന്ന കൃതിയിൽ ചേർത്ത നീചൻ (***ലയീം***) കദ്ദാബ് (മഹാകള്ളൻ) ഭയങ്കരമായ കറ്റുകെട്ട് (***ബുഹ്താനെ അളീം***) എന്നീ പദപ്രയോഗങ്ങളെ മുൻനിർത്തിയായിരുന്നു ഈ മാനനഷ്ടക്കേസ്. അങ്ങനെ മൗലവി സാഹിബ് കോടതിയിൽ 1903 ജനുവരി 7-ന് മിർസാ ഗുലാം അഹ്മദ് ഖാദിയാനി, സിയാവുൽ ഇസ്ലാം പ്രസ്സിൽ അച്ചടിച്ച തന്റെ 'മവാഹിബുർ റഹ്മാൻ' എന്ന ഗ്രന്ഥത്തിൽ അതിന്റെ പേജ് 129-ൽ എന്നെക്കുറിച്ച് അപമാനകരമായ വാക്കുകൾ രേഖപ്പെടുത്തിയിരിക്കുന്നു എന്ന് ബോധിപ്പിച്ചു. ഈ വചനത്തിൽ കദ്ദാബ്, മുഹീൻ എന്നീ വാക്കുകൾ രേഖപ്പെടുത്തിയിരുന്നത് വിശുദ്ധഖുർആനിൽ പറയപ്പെട്ട ഒരു പ്രത്യേക അവിശ്വാസിയായ വലീദിബ്നു മഗീറയെക്കുറിച്ചാണ്. ഈ വാക്കുകളിലൂടെ എന്നെ, ആ കാഫിറുമായി സാദൃശ്യപ്പെടുത്തിയിരിക്കുന്നു. (കറംദീന്റെ ഈ വാക്കുകൾ ഓർമ്മയിൽവെച്ചെങ്കിൽ മാത്രമേ അവസാനം കോടതി എന്താണ് പറഞ്ഞതെന്ന് നിങ്ങൾക്ക് മനസ്സിലാകുകയുള്ളൂ.)

ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇതറിഞ്ഞപ്പോൾ പറഞ്ഞു: ഇത് അവരുടെ ഭാഗത്തുനിന്നുള്ള തുടക്കമാണ്. അവർക്കെതിരിൽ അല്ലാഹു എന്തെന്തെല്ലാം ആസൂത്രണങ്ങളാണ് സ്വീകരിക്കുകയെന്ന് ആരറിഞ്ഞു? ഈ കേസ് എനിക്കെതിരായിട്ടല്ല. അല്ലാഹുവിന്നെതിരായിട്ടാണെന്നാണ് മനസ്സിലാകുന്നത്. കേസ്സുണ്ടാക്കി തളർത്തിക്കളയാൻ അവർ ആഗ്രഹിക്കുന്നു. അല്ലാഹു ശക്തിമത്തായ ആക്രമണങ്ങളാൽ സത്യം വെളിപ്പെടുത്തുമെന്ന് എനിക്കുറപ്പുണ്ട്. കൊലക്കേസിന്റെ ദുരനുഭവങ്ങൾ അവശേഷിക്കാതിരിക്കാൻ ഇപ്പോൾ അവർ പൂർണ്ണമായ ശക്തികൾ പ്രയോഗിക്കും. ദൈവത്തിന്റെ ഭാഗത്തുനിന്ന് ഞാൻ സമർപ്പിക്കുന്ന ഇക്കാര്യങ്ങളിലൊന്നും ഇവർക്ക് വിശ്വാസമുണ്ടാകുന്നില്ല. എന്നാൽ ഇക്റാമൻ അജീബ (അത്ഭുതകരമായ ബഹുമാനാദരങ്ങൾ) പ്രകാരമാണ് സംഭവിക്കുകയെന്ന് അവർ കാണുമാറാകും.

കേസ്സിന്റെ ആരംഭദശയിൽതന്നെ അല്ലാഹു അതിന്റെ പര്യവസാനത്തെക്കുറിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് അറിയിച്ചുകൊടുത്തു. 1903 ജനുവരി 28-ന് ഇൽഹാമുണ്ടായി. ***ഇന്നല്ലാഹ മഅ ഇബാദിഹീ യുവാസീക്ക.*** അല്ലാഹു തന്റെ ദാസരോടൊപ്പമാണ്. അവൻ നിന്റെ ദുഃഖത്തെ അകറ്റുന്നതാണ്.

ജനുവരി 29-ന് ***സഉക്രിമുക്ക ഇക്റാമൻ അജീബ*** അതായത് അതിമഹത്തായ നിലയിൽ നിന്റെ മാന്യത നിലനിറുത്തുന്നതാണ്.

ഫെബ്രുവരി 17-ന് ഇൽഹാമുണ്ടായി. ***യൗമൽ ഇസ്നയ്നി വ ഫത്ഹുൽ ഹുനയ്ൻ.*** തിങ്കളാഴ്ച. ഹുനയ്ൻ വിജയം.

അതിന്റെ 6 മാസം കഴിഞ്ഞ് 1903 ആഗസ്റ്റ് 18-ന് ഇൽഹാമുണ്ടായി. ***സഉക്രിമുക്ക ബഅദ തൗഹീനക്ക.*** (നിന്റെ മാനക്ഷതത്തിന് നിനക്ക് ബഹുമാനം നല്കപ്പെടും)

ജൂൺ 28-ന് ഇൽഹാമുണ്ടായി. ***ഇന്നല്ലാഹ മഅല്ലദീന ത്തഖവ് വല്ലദീനഹും മുഹസിനൂൻ ഫീഹി ആയാത്തുൻ ബിസ്സായിലീൻ.*** അതായത് ആ രണ്ട് കക്ഷികളിൽ, നിഷിദ്ധകാര്യങ്ങളിൽനിന്ന് ഒഴിഞ്ഞുനില്ക്കുകയും അല്ലാഹവിനെ ഭയന്നുകൊണ്ട് അവന്റെ ദാസന്മാരോട് സഹതാപത്തോടും അനുകമ്പയോടും നന്മയോടും കൂടി പെരുമാറുകയും ചെയ്യുന്ന കക്ഷിയോടൊപ്പമായിരിക്കും അല്ലാഹു. അവർക്ക് അവൻ വിജയം നല്കുന്നതുമാണ്. അവർ മനുഷ്യകുലത്തിന്റെ യഥാർത്ഥ അഭ്യുദയകാംക്ഷിക

ളാണ്. അവസാനം അവർക്കനുകൂലമായി വിധി ഉണ്ടാകുന്നതാണ്. അപ്പോൾ ആ കക്ഷികളിൽ ആരാണ് സത്യത്തിൽ ഉള്ളത് എന്ന് നോക്കി പിന്നാലെ കൂടുന്നവർക്കായി ഇതൊരു അടയാളമല്ല, മറിച്ച് പല അടയാളങ്ങൾ വെളിപ്പെടുന്നതായിരിക്കും.

ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇതുസംബന്ധമായി പറയുന്നു. 1904-ൽ കറംദീനുമായിട്ടുള്ള ക്രിമിനൽ കേസ്സുമായി ബന്ധപ്പെട്ട് ഝലം എന്ന സ്ഥലത്തേക്ക് പോകുകയായിരുന്നു. വഴിയിൽവെച്ച് എനിക്ക് ഇൽഹാമുണ്ടായി. ***ഉരീക്ക ബറക്കാത്തിൻ മിൻകുല്ലി ത്വറഫിൻ***. എല്ലാ ദിശകളിൽനിന്നും നിനക്കുവേണ്ടി ഞാൻ അനുഗ്രഹങ്ങൾ കാണിക്കും. ഈ വെളിപാട് അപ്പോൾതന്നെ അവിടെ കൂടിയവരെയെല്ലാം അറിയിച്ചു. അൽഹക്കം പത്രത്തിലും പ്രസിദ്ധീകരിച്ചു. ഈ പ്രവചനം ഇങ്ങനെ പുലർന്നു.

“ഞാൻ ഝലമിൽ എത്തിയപ്പോൾ ഏതാണ്ട് 10,000 ത്തോളം ആളുകൾ എന്നെക്കാണാൻ വന്നിരുന്നു. ജനങ്ങൾ എന്റെ മുമ്പിൽ സാഷ്ടാംഗം ചെയ്യാൻ തയ്യാറാണെന്ന് തോന്നുമാറ് എല്ലാ വിനയഭാവത്തോടുംകൂടി റോഡുകളിൽ തിങ്ങിക്കൂടിയിരുന്നു. ജില്ലാ കോടതിയിലെ ജനബാഹുല്യം കണ്ട് മജിസ്ട്രേട്ടുമാർ അമ്പരന്നു. 1100 പുരുഷന്മാരും ഏതാണ്ട് 200 സ്ത്രീകളും അവിടെവെച്ച് ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു. എന്റെ പേരിൽ കറംദീൻ കൊടുത്ത കേസ്സ് തള്ളപ്പെട്ടു. അനേകം ആളുകൾ കാണിക്ക സമർപ്പിക്കുകയും പാരിതോഷികങ്ങൾ നൽകുകയും ചെയ്തുകൊണ്ട് തങ്ങളുടെ സദ്ഭാവനകളും പ്രീതിവിനയങ്ങളും പ്രകടിപ്പിച്ചുകൊണ്ടിരുന്നു. ഇങ്ങനെ എല്ലാ പ്രകാരത്തിലും ദൈവാനുഗ്രഹങ്ങൾ വാരിക്കൂട്ടികൊണ്ട് ഞങ്ങൾ ഖാദിയാനിലേക്കു മടങ്ങി. അങ്ങനെ ദൈവം ഈ പ്രവചനം (***ഉരീക്ക ബർക്കാത്തിൻ മിൻകുല്ലി ത്വറഫിൻ***) വ്യക്തമായ നിലയിൽ പൂർത്തിയാക്കി.”

കറംദീൻ എനിക്കെതിരെ നല്കിയ ക്രിമിനൽ കേസ്സിനെ സംബന്ധിച്ചുള്ള പ്രവചനത്തിന്റെ-അത് അല്ലാഹു ഝലമിൽവെച്ച് എനിക്ക് വെളിപ്പെടുത്തി തന്നതാണ്- വാക്കുകൾ ഇതായിരുന്നു. ***റബ്ബിക്കുല്ലി ശയ്യുൻ ഖാദിമുക്ക റബ്ബിഫഹ്ഫള്നീ വൻസ്വുർനീ വർഹംനീ.*** മറ്റു ഇൽഹാമുകളുമുണ്ടായിരുന്നു. അതിൽ, മോചനത്തെക്കുറിച്ചുള്ള വാഗ്ദാനവുമുണ്ടായിരുന്നു. അങ്ങനെ അല്ലാഹു ഈ കേസ്സിൽ എന്നെ മോചിപ്പിച്ചു.

ഝലമിലെ കേസ്സിനുശേഷം, ഗുരുദാസ്പൂരിൽ കറംദീൻ ഒരു കേസ് ഫയൽ ചെയ്തു. ഇതുസംബന്ധമായി ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: കറംദീൻ എന്നുപേരുള്ള ഒരു മൗലവി എനിക്കെതിരിൽ ക്രിമിനൽകേസ്സ് ഗുരുദാസ്പൂരിൽ കൊടുത്തു. എന്റെ എതിരാളികളായ മൗലവിമാർ, എക്സ്ട്രാ അസിസ്റ്റന്റ് കമ്മീഷണറായ ആത്മാറാമിന്റെ കോടതിയിൽ പോയി സാക്ഷി പറഞ്ഞു. കഴിവിന്റെ പരമാവധി അവർ സമ്മർദ്ദം ചെലുത്തി. ഇപ്രാവശ്യം തീർച്ചയായും തങ്ങൾ ജയിക്കുമെന്ന് അവർ പ്രതീക്ഷിച്ചു. വ്യാജമായ സന്തോഷം അവർക്കുണ്ടാകുന്നതിനുവേണ്ടി, യാദൃശ്ചികമായി ആത്മാറാം തന്റെ അറിവില്ലായ്മകൊണ്ട് പൂർണ്ണമായും അന്വേഷിക്കാതെ എന്നെ ജയിലിലടക്കാൻ തയ്യാറായി.

ആ സമയത്ത് അല്ലാഹു ഒരു ദർശനത്തിലൂടെ അവൻ ആത്മാറാമിനെ അയാളുടെ കുട്ടികളുടെ ദുഃഖാചരണത്തിൽ അകപ്പെടുത്തുമെന്ന് എന്നെ അറിയിച്ചു. ഈ കശ്ഫ് ഞാൻ എന്റെ ജമാഅത്തിനെ കേൾപ്പിച്ചു. പിന്നീട് 20, 25 ദിവസത്തിനുള്ളിൽ അയാളുടെ രണ്ട് മക്കൾ മരിച്ചു. അവസാനം എന്നെ ജയിലിലടക്കാൻ തയ്യാറായ ആത്മാറാമിന് എന്നെ ജയിലിലടക്കാൻ കഴിഞ്ഞില്ല. അയാൾ എല്ലാ കാര്യങ്ങളും ഒരുക്കിയിരുന്നുവെങ്കിലും, അല്ലാഹു അവസാനം അയാളെ അതിൽനിന്ന് തടഞ്ഞു. പക്ഷേ, 700 രൂപ അയാൾ എനിക്ക് പിഴയിട്ടു. ഈ പിഴയുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് വിശദീകരിക്കുന്നുണ്ട്.

പറയുന്നു: പിന്നീട് ഡിവിഷനൽ കോർട്ടിലെ സെഷൻ ജഡ്ജ് എന്നെ മോചിപ്പിച്ചു. കറംദീന്റെ മേൽ കുറ്റം നിലനിന്നു. എന്റെ പിഴത്തുക മടക്കിത്തരികയും ചെയ്തു. എന്നാൽ ആത്മാറാമിന്റെ രണ്ട് മക്കൾ മടങ്ങിവന്നില്ല.

കറംദീന്റെ കേസിൽ സന്തോഷിക്കാൻ കാത്തിരുന്ന നമ്മുടെ എതിരാളികൾക്ക് അത് ആഘോഷിക്കാൻ കഴിഞ്ഞില്ല. എന്റെ ഗ്രന്ഥമായ മവാഹിബുർറഹ്മാനിൽ അച്ചടിച്ച പ്രവചനം പോലെതന്നെ ഞാൻ മോചിതനായി. എന്റെ പിഴത്തുക മടക്കിത്തരികയും ചെയ്തു.

ആത്മാറാമിന്റെ വിധി ദുർബലപ്പെടുത്തിക്കൊണ്ട് മേൽക്കോടതി വിധിക്കുകയും അദ്ദേഹത്തെ ശാസിക്കുകയും ചെയ്തു. എന്നാൽ മവാഹിബുർറഹ്മാനിൽ പ്രസിദ്ധീകരിച്ചതുപോലെ കറംദീന് ശിക്ഷ കിട്ടി. കറംദീൻ അസത്യവാദിയാണെന്ന മുദ്ര അയാളുടെമേൽ പതിയുകയും ചെയ്തു. നമ്മുടെ എതിരാളികളായ എല്ലാ മൗലവിമാരും തങ്ങളുടെ ഉദ്ദേശ്യങ്ങളിൽ പരാജയപ്പെട്ടു. ഇത്രമാത്രം തുടർച്ചയായി

പരാജയം വാങ്ങിയിട്ടും എന്റെ പിന്നിൽ ഒരുകൈ ഉണ്ടെന്നും, ആ കൈ ഇയാളെ രക്ഷിക്കുകയാണെന്നും മനസ്സിലാക്കാനുള്ള ഭാഗ്യമില്ലാത്ത നമ്മുടെ എതിരാളികളുടെമേൽ അഹോ കഷ്ടം. ദൗർഭാഗ്യത ഇല്ലായിരുന്നെങ്കിൽ ഇതവർക്കൊരു അടയാളമാകുമായിരുന്നു. അതായത്, അവരുടെ ആക്രമണസമയത്തെല്ലാം അല്ലാഹു എന്നെ അവരുടെ ഉപദ്രവത്തിൽനിന്നും രക്ഷിച്ചു. രക്ഷിച്ചുവെന്നുമാത്രമല്ല, രക്ഷിക്കുമെന്ന് കാലേക്കൂട്ടി അറിയിക്കുകയും ചെയ്തിരുന്നു. എല്ലാ ഓരോ പ്രാവശ്യവും, എല്ലാ ഓരോ കേസ്സിലും അല്ലാഹു എന്നെ ഞാൻ നിന്നെ രക്ഷിക്കുമെന്ന് അറിയിച്ചുകൊണ്ടിരുന്നു. അങ്ങനെ അവൻ തന്റെ വാഗ്ദാനമനുസരിച്ച് എന്നെ സുരക്ഷിതനാക്കിവെച്ചു. ഇതാണ് അല്ലാഹുവിന്റെ അധികാരപരമായ ദൃഷ്ടാന്തം. ഒരുഭാഗത്ത് ലോകം മുഴുവൻ നമ്മെ നശിപ്പിക്കാൻ സംഘടിച്ചിരുന്നു. മറുഭാഗത്ത് സർവ്വശക്തനായ ദൈവം അവരുടെ എല്ലാ ആക്രമണങ്ങളിൽനിന്നും എന്നെ രക്ഷിച്ചു.

അഞ്ചാമതായി ഹസ്റത്ത് മസീഹ് മൗഊദ്(അ) ലേഖ്റാമിന്റെ സംഭവം വിവരിച്ചിരിക്കുന്നു. അയാളെ സംബന്ധിച്ച് ഞാൻ പ്രവചനം ചെയ്തിരുന്നു. അയാൾ നബി(സ) തിരുമേനിയെ അങ്ങേയറ്റം നിന്ദിച്ചുപറയുകയുണ്ടായി. അവസാനം തന്റെ പ്രിയങ്കരനായ നബിയുടെ ആത്മീയരോഷം അയാളെ പിടിച്ചു. അതിന്റെ എല്ലാ വിവരണങ്ങളും ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് അല്ലാഹു പറഞ്ഞു. അതായത് താൻ അയാളെ പിടിക്കുമെന്നും, അയാളുടെ അവസാനം എങ്ങനെയായിരിക്കുമെന്നുമൊക്കെ. എല്ലാത്തരം സുരക്ഷാ ഏർപ്പാടുകൾ ഉണ്ടായിട്ടും അയാളെ രക്ഷിക്കാൻ കഴിഞ്ഞില്ല. ഇതും ദീർഘമായൊരു സംഭവകഥയാണ്. എന്തായാലും ആ കൊലപാതകത്തിനുശേഷം അതിന്റെ അടിസ്ഥാനത്തിൽ, ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെമേൽ ആരോപണം ഉന്നയിക്കപ്പെട്ടു. ജനങ്ങൾ ബഹളംവെച്ചു. ഭരണകർത്താക്കൾ വേണ്ടുന്ന ഒത്താശചെയ്തു. പക്ഷേ, അല്ലാഹു തന്റെ വാഗ്ദത്തമനുസരിച്ച്, ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ അതിൽനിന്നെല്ലാം മോചിപ്പിച്ചു. അവിടത്തെ വീട് റെയ്ഡ് ചെയ്തു. പക്ഷേ, പോലീസിന് ഒന്നും കിട്ടിയില്ല.

ഈ സംഭവത്തിനുശേഷം ജനങ്ങൾ രോഷാകുലരായി. എങ്ങും തീ ആളിക്കത്തി. കുറ്റവാളിയെ പിടിക്കാൻ പോലീസ് കഠിനമായി ശ്രമിക്കുന്നുണ്ടായിരുന്നു. കൊലപാതകിയുടെ ചിത്രവും പ്രസിദ്ധീകരിച്ചിരുന്നു. പക്ഷേ, ഒരാളെ പിടിച്ചുവെങ്കിലും ലേഖ്റാമിന്റെ ഭാര്യ അയാൾ അല്ലെന്ന് മൊഴികൊടുത്തു. അതേതോ കശ്മീരിയായിരുന്നു. ഒരഹ്മദിയേയും പിടിച്ചിരുന്നു. അവസാനം അയാളേയും വിട്ടു. ഇതിനുപുറമെ റെയ്ഡും നടന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വീടും റെയ്ഡ് ചെയ്തു. റെയ്ഡ് ചെയ്യാൻ വരുന്നതിനു മുമ്പേ, അവിടന്ന് തന്റെ ഗ്രന്ഥമായ സിറാജെ മുനീർ വായിക്കുകയായിരുന്നു. ഇതിൽ ലേഖ്റാമിന്റെ കൊലപാതകംകൊണ്ട് മസീഹ് മൗഊദ്(അ)ന്റെ ശത്രുക്കൾ അദ്ദേഹത്തെ പീഡിപ്പിക്കാൻ ശ്രമിച്ചിരുന്നുവെന്നും സർക്കാരും പീഡിപ്പിച്ചിരുന്നുവെന്നും എന്നാൽ തന്റെ കാര്യത്തിൽ ഇതുവരെ ഒരുവശം മാത്രമേ വെളിപ്പെട്ടുള്ളുവെന്നും, സർക്കാരിൽനിന്നുള്ള ആ വശവും പൂർത്തിയായിരുന്നെങ്കിൽ എത്ര നന്നായേനെ എന്നും ഹസ്റത്ത് മസീഹ് മൗഊദ്(അ) അതിൽ എഴുതിയിരുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇത് ചിന്തിച്ചതേയുള്ളൂ പെട്ടെന്ന് ഗുരുദാസ്പൂർ പോലീസ് സൂപ്രണ്ടന്റ് ലിവാർചന്തും ഇൻസ്പെക്ടർ മിയാൻ മുഹമ്മദ് ബഖ്ശും- ഇയാൾ ഇതിനുമുമ്പേയും ഉപദ്രവിക്കാൻ ശ്രമിച്ചിരുന്നു-ഹെഡ്കോൺസ്റ്റബിൾമാരും പോലീസുകാരും വന്ന് മസീഹ് മൗഊദ്(അ)ന്റെ വീട് വളഞ്ഞു. അതിനുമുമ്പേ ഹസ്റത്ത് മീർ നാസിർ നവാബ് സാഹിബ്, ഈ വിവരം അറിഞ്ഞിരുന്നു. അവരെല്ലാവരും പരിഭ്രമിച്ചിരുന്നു. അവർ മസീഹ് മൗഊദ്(അ)ന്റെ അടുക്കൽവന്നു വളരെ വിഷമം പിടിച്ച അന്തരീക്ഷമാണെന്ന് പറഞ്ഞു. പോലീസ് അറസ്റ്റ് ചെയ്യാൻ വന്നിട്ടുണ്ടെന്നും അറിയിച്ചു. ഹസ്റത്ത് മസീഹ് മൗഊദ്(അ) പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു. മീർ സാഹിബേ! ഭൗതികരായ ആളുകൾ സന്തോഷവേളയിൽ സ്വർണ്ണത്തിന്റേയോ വെള്ളിയുടേയോ വള ധരിക്കാറുണ്ട്. അല്ലാഹുവിന്റെ വഴിയിൽ ഇരുമ്പുവള ഇട്ടിരിക്കുന്നുവെന്ന് ഞാൻ മനസ്സിലാക്കും.

കുറച്ചുകഴിഞ്ഞ് പറഞ്ഞു: എന്നാൽ അങ്ങനെ സംഭവിക്കില്ല. കാരണം അല്ലാഹുവിന് തന്റെ സർക്കാറിന്റേതായ ഉദ്ദേശ്യങ്ങളുണ്ട്. അവിടെ പീർ മൻസൂർ മുഹമ്മദ് സാഹിബും ഇരിപ്പുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു, പോലീസ് വന്നതിന്റെ ഒരു സ്വാധീനവും മസീഹ് മൗഊദ്(അ)നുണ്ടായിരുന്നില്ല. അവിടന്ന് തന്റെ ഗ്രന്ഥം വായിച്ചുകൊണ്ടിരുന്നു. പോലീസ് വന്ന് വാതിലിൽ മുട്ടിയപ്പോൾ അവിടന്ന് ജോലി നിർത്തി. പെട്ടെന്ന് പോയി വാതിൽ തുറന്നു. സൂപ്രണ്ട് പോലീസ് തൊപ്പി എടുത്തുകൊണ്ട്, കൊലപാതക കേസ്സിൽ അങ്ങയുടെ വീട് റെയ്ഡ് ചെയ്യാൻ എന്നോട് കല്പിച്ചിരിക്കുന്നുവെന്ന് പറഞ്ഞു. കുറ്റവാളിയായ ഒരുവനോട് നിന്റെ വീട് റെയ്ഡ് ചെയ്യു

ന്നില്ല എന്നു പറയുമ്പോൾ എത്രമാത്രം സന്തോഷം ആ കുറ്റവാളിക്കുണ്ടാകുമോ, അതേപോലുള്ള സന്തോഷം റെയ്ഡ് ചെയ്യാൻ പോകുന്നു എന്ന് കേട്ടപ്പോൾ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് ഉണ്ടായി.

ഹുസൂർ പറഞ്ഞു: സമാധാനത്തോടുകൂടി നിങ്ങൾ പരിശോധിക്കുക. സഹായിക്കാൻ ഞാൻ നിങ്ങളോടൊപ്പം ഉണ്ട്. അതിനുശേഷം മറ്റു ഓഫീസർമാരോടൊപ്പം അദ്ദേഹത്തെ അവിടന്ന് വീട്ടിലേക്ക് കൊണ്ടുപോയി. ആദ്യം പുരുഷന്മാർ താമസിക്കുന്നിടത്തും പിന്നീട് സ്ത്രീകൾ താമസിക്കുന്നിടത്തും പരിശോധന നടത്തി. എല്ലാ ബാഗുകളും പെട്ടികളും അവർക്ക് കാണിച്ചുകൊടുത്തു. ഒരു ബാഗ് തുറന്നപ്പോൾ, അതിൽ പണ്ഡിറ്റ് ലേഖ്റാം എഴുതിയ കത്തുകൾ കിട്ടി. അതിൽ അടയാളം ചോദിച്ച് സ്വന്തം പേന കൊണ്ട് അദ്ദേഹം എഴുതിയിരുന്നു. എന്തായാലും ദീർഘനേരം പരിശോധന നടന്നു. ട്രങ്കിന്റെ പൂട്ട് പൊട്ടിച്ചും പരിശോധന നടത്തി. കാരണം പഴയ പെട്ടിയായതുകാരണം ചിലതിന്റെ താക്കോലുകൾ കളഞ്ഞുപോയിരുന്നു. പക്ഷേ, അവർക്ക് ഒന്നും കിട്ടിയില്ല.

പരിശോധന നടക്കുമ്പോൾ അവിടത്തെ അനുഗൃഹീത മുഖത്ത് ഒരുതരത്തിലുള്ള പരിഭ്രമമോ അസ്വസ്ഥതയോ ഉണ്ടായിരുന്നില്ല. എന്നല്ല വളരെ സന്തോഷത്തിലായിരുന്നു. വീട് പരിശോധിച്ചതിനുശേഷം അതിഥി മന്ദിരത്തിലും, ഖലീഫ ഔവ്വലിന്റെ വീട്ടിലും പരിശോധന നടന്നു. അലമാരികൾ പരിശോധിച്ചു. ഗോതമ്പു പൊടിക്കാനുള്ള കല്ലുകൾപോലും തുറന്നുനോക്കി. ഹസ്റത്ത് അമ്മാജാൻ ആ പരിശോധനയുടെ ചിത്രം ഇങ്ങനെ വിവരിക്കുന്നു:

ഞാൻ അവിടെ ഇരിക്കുകയായിരുന്നു. മിയാ ബശീർ അഹ്മദ് താഴേക്ക് എത്തിനോക്കിക്കൊണ്ട് ഉമ്മ ദാ പട്ടാളക്കാർ എന്നു പറഞ്ഞു. ഇതിനിടയിൽ പള്ളിയിലെ വാതിൽ ആരോ മുട്ടിവിളിച്ചു. അപ്പോൾ പട്ടാളക്കാർ ഉണ്ടെന്ന് മനസ്സിലായി. ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇപ്പോൾ വരാം എന്നു പറഞ്ഞ് തന്റെ ബാഗ് അടച്ചതിനുശേഷം പള്ളിയിലേക്കു പോയി. അവിടെ ഇംഗ്ലീഷ്കാരനായ ക്യാപ്റ്റനും മറ്റു പോലീസുകാരും ഉണ്ടായിരുന്നു. അവർ പറഞ്ഞു, തങ്ങൾ റെയ്ഡ് ചെയ്യാൻ വന്നതാണെന്ന്. ഹസ്റത്ത് മസീഹ് മൗഊദ്(അ) എല്ലാ സ്ഥലവും പരിശോധിപ്പിച്ചു. അപ്പോൾ ഒരു കത്ത് കിട്ടി. അത് ലേഖ്റാം മരിച്ചപ്പോൾ മുബാറക് പറഞ്ഞുകൊണ്ട് ഏതോ അഹ്മദി എഴുതിയതായിരുന്നു. ശത്രുക്കൾ, പെട്ടെന്ന് ആ കത്ത് ക്യാപ്റ്റൻ സാഹിബിന് കൊടുത്തു. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ഇതുകൊണ്ട് എന്ത് നേട്ടമുണ്ടാകാനാണ്. ഇതുപോലെ മുബാറക് പറഞ്ഞുകൊണ്ടുള്ള നിരവധി കത്ത് എന്റെ കയ്യിലുണ്ട്. വലിയൊരു സഞ്ചി അവരുടെ മുമ്പിൽ കൊണ്ടുവന്നുവെച്ചു. തങ്ങൾ ഇത് നോക്കുന്നില്ല എന്ന് അദ്ദേഹം പറഞ്ഞു.

താഴേ മുറിയിലേക്ക് പോകാനൊരുങ്ങി. അതിന്റെ വാതിൽ ചെറുതായിരുന്നു. അമ്മാജാൻ പറയുന്നു: അവിടെ ക്യാപ്റ്റൻ സാഹിബിന്റെ തലയിടിച്ചു. ശരിക്കും വേദനിച്ചു. അയാൾ അവിടെയിരുന്നുപോയി. അതായിരുന്നു പരിശോധനകൾക്കുണ്ടായ പര്യവസാനം. എന്തായാലും ഒട്ടും വൈകിയില്ല. പരാജയത്തോടെ അവർ മടങ്ങിപോയി.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ലേഖ്റാമിന്റെ മരണത്തോടനുബന്ധിച്ച് എന്റെ വീട് റെയ്ഡ് ചെയ്തു. ശത്രുക്കൾ ഞാൻ കൊലപാതകിയാണെന്ന് വരുത്തിത്തീർക്കാൻ അങ്ങേയറ്റം പരിശ്രമിച്ചു. എന്നാൽ, അവർ എല്ലാ കേസ്സുകളിലും പരാജയപ്പെട്ടു.

എപ്പോഴുമെന്നപോലെ ഈ കേസിലും ശത്രുക്കൾ പരാജയമടഞ്ഞു. അല്ലാഹുവിന്റെ ഈ സിംഹത്തിനുമേൽ ആർക്കും കൈവയ്ക്കാൻ കഴിഞ്ഞില്ല. അല്ലാഹു ആ മഹാത്മാവിനെ പിന്തുണച്ചുകൊണ്ട് കാണിച്ച ഇത്തരം നൂറുകണക്കിന് മറ്റ് ദൃഷ്ടാന്തങ്ങളുണ്ട്. അത് തീർച്ചയായും നമ്മുടെ ഈമാൻ വർദ്ധിക്കുന്നതിന് കാരണമാണ്. അല്ലാഹു എപ്പോഴും നമ്മെ, എല്ലാ വേളയിലും നമ്മുടെ ഈമാൻ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുമാറാകട്ടെ. അഹ്മദിയ്യത്തിലും, ഹസ്റത്ത് മസീഹ് മൗഊദ്(അ)ലുമുള്ള നമ്മുടെ വിശ്വാസം വർദ്ധിച്ചുകൊണ്ടിരിക്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 7.7.2006 at Baithul Futuh, London

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala
Web: www.alislam.org